സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യാന്ന പ്രമദിതവ്യം

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മാർച്ച് 27 തിങ്കൾ ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

# ചിരിവസന്തം മാഞ്ഞു; നടൻ ഇന്നസെന്റിന് വിട



കൊച്ചി: നടൻ ഇന്നസെന്റ് (75) അന്തരിച്ചു. ശ്വാസകോശ സംബന്ധമായ അസുഖങ്ങളെ തുടർന്ന് വി.പി.എസ് ലേക്ക്ഷോർ ഹോസ്പിറ്റലിൽ ചികിത്സയിലിരിക്കെ ഇന്നലെ രാത്രി 10.30ഓടെ കൂടി ഹൃദയാഘാതം സംഭവിക്കുകയായിരുന്നു. 50 വർഷം നീണ്ടുനിന്ന സിനിമാ ജീവിതത്തിൽ അനവധി അവിസ്മരണീയമായ കഥാപാത്രങ്ങൾ മലയാളിക്ക് സമ്മാനിച്ചാണ് അദ്ദേഹം വിടവാങ്ങിയത്. 1972 ൽ 'നൃത്തശാല' എന്ന ചിത്രത്തിലൂടെയാണ് അദ്ദേഹം വെള്ളിത്തിരയിൽ എത്തിയത്. 18 വർഷക്കാലം അഭിനേതാക്കളുടെ സംഘടനയായ അമ്മയുടെ പ്രസിഡന്റായി പ്രവർത്തിച്ച അദ്ദേഹം 2014ൽ ചാലക്കുടി മണ്ഡലത്തിൽ എൽ.ഡി.എഫ് സ്വതന്ത്ര സ്ഥാനാർഥിയായി മത്സരിക്കുകയും അത്തവണ വിജയിക്കുകയും എം.പിയാവുകയും ചെയ്തു. 2019ലും മത്സരച്ചെങ്കിലും അത്തവണ പരാജയപ്പെട്ടു. കാൻസറിനെ പോലും പടപൊരുതി വിജയിച്ച അദ്ദേഹത്തിന്റെ ജീവിതം ഒരുപാടു പേർക്ക് മാതൃകയായിരുന്നു. കാൻസർകാല അനുഭവങ്ങൾ പ്രതിപാദിക്കുന്ന അദ്ദേഹത്തിന്റെ 'കാൻസർ വാർഡിലെ ചിരി'യെന്ന പുസ്തകം ഏവരേയും പ്രചോദിപ്പിക്കുന്ന ഒന്നായിരുന്നു. 750ഓളം ചിത്രങ്ങളിൽ വേഷമിട്ട അദ്ദേഹത്തിന്റെ അവാസാന ചിത്രം അഖിൽ സത്യന്റെ സംവിധാനത്തിൽ റിലീസിനൊരുങ്ങുന്ന പാച്ചുവും അത്ഭുതവിളക്കുമാണ്. ഇന്ന് രാവിലെ എട്ട് മണി മുതൽ 11 മണി വരെ കൊച്ചി ഇൻഡോർ സ്റ്റേഡിയത്തിൽ മൃതദേഹം പൊതുദർശനത്തിന് വെക്കുത. തുടർന്ന് സ്വന്തം നാടായ തൃശൂരിലേക്ക് കൊണ്ടുപോകും. ഉച്ചയ്ക്ക് 12 മുതൽ 3.30 വരെ തൃശൂർ ഇരിങ്ങാലക്കുട ടൗൺ ഹാളിൽ പൊതുദർശനം ഉണ്ടാകും. വൈകീട്ട് മൂന്നര മുതൽ നാളെ (ചൊവ്വ) രാവിലെ പത്ത് വരെ വീട്ടിൽ പൊതുദർശനം. തുടർന്ന് ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളി സെമിത്തേരിയിൽ സംസ്കാരവും നടക്കും. ഇന്നസെന്റിന്റെ വിയോഗത്തിൽ അനുശോചിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. നർമം കൊണ്ട് പ്രേക്ഷകഹൃദയങ്ങളെ നിറച്ച ഇന്നസെന്റ് എന്നും ഓർമിക്കപ്പെടുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. അദ്ദേഹത്തിന്റെ കുടുംബത്തെയും ആരാധകരെയും അനുശോചനം അറിയിക്കുന്നതായി പ്രധാനമന്ത്രി ട്വീറ്റ് ചെയ്തു.



നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ പരിശീലന പറക്കലിനിടെ അപകടത്തിൽപ്പെട്ട ഹെലികോപ്റ്റർ

# നെടുമ്പാശ്ശേരി ഹെലികോപ്റ്റർ അപകടം; അന്വേഷണം തുടങ്ങി

കൊച്ചി: നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ പരിശീലന പറക്കലിനിടെയുണ്ടായ ഹെലികോപ്റ്റർ അപകടത്തെക്കുറിച്ച് ഡി.ജി.സി.എയും കോസ്റ്റ് ഗാർഡും അന്വേഷണം ആരംഭിച്ചു. ഇന്നലെ ഉച്ചക്ക് പന്ത്രണ്ടര മണിയോടെയാണ് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ഹെലികോപ്റ്റർ അപകടത്തിൽപ്പെട്ടത്. റൺവേയുടെ പുറത്ത് അഞ്ച് മീറ്റർ അപ്പുറത്താണ് ഹെലികോപ്റ്റർ തകർന്ന് വീണത്. അപകടത്തിന്റെ പശ്ചാത്തലത്തിൽ താൽക്കാലികമായി അടച്ച വിമാനത്താവളം, ഹെലികോപ്റ്റർ ക്രെയിൻ ഉപയോഗിച്ച് ഉയർത്തി മാറ്റിയ ശേഷമാണ് തുറന്ന് നൽകിയത്.

മൂന്ന് കോസ്റ്റ് ഗാർഡ് ഉദ്യോഗസ്ഥരാണ് അപകടത്തിൽപ്പെട്ട ഹെലികോപ്റ്ററിലുണ്ടായിരുന്നത്. തീരസംരക്ഷണ സേനയുടെ ഡെപ്യൂട്ടി കമാൻഡന്റും മലയാളിയുമായ വിപിനാണ് ഹെലികോപ്റ്റർ പറത്തിയത്. കമാണ്ടന്റ് സി.ഇ.ഒ കുനാൽ, ടെക്നിക്കൽ സ്റ്റാഫ് സുനിൽ ലോട്‌ല എന്നിവരാണ് ഹെലികോപ്റ്ററിലുണ്ടായിരുന്നത്. ഇവരിൽ സുനിൽ ലോട്‌ലക്ക് അപകടത്തിൽ പരുക്കേറ്റു.

# റഷ്യൻ യുവതിയെ മർദിച്ച സംഭവം: മകൻ ലഹരി മരുന്നിന് അടിമയെന്ന് മാതാപിതാക്കൾ

കോഴിക്കോട്: കാമുകനെ ത്തേടിയെത്തിയ റഷ്യൻ യുവതിക്ക് ക്രൂരമർദനം ഏറ്റതിൽ വിശദീകരണവുമായി കാമുകന്റെ മാതാപിതാക്കൾ രംഗത്ത്. ലഹരിമരുന്നിന് അടിമയായത് കൊണ്ടാണ് കാമുകനായ ആഖിൽ റഷ്യൻ യുവതിയെ മർദിച്ചതെന്ന് മാതാപിതാക്കൾ. ഇരുവരും വിവാഹിതരാകാനാണ് ഖത്തറിൽ നിന്നും നാട്ടിലെത്തിയത്. തർക്കമുണ്ടായ ദിവസവും ആഖിൽ ലഹരി മരുന്ന് ഉപയോഗിച്ചിരുന്നു. മർദനം സഹിക്കാതെയാണ് ടെറസ് വഴി താഴേക്ക് ചാടിയത്. യുവതി പിന്നീട് പോലിസ് സ്റ്റേഷനിലേക്കാണ് പോയതെന്നും മാതാപിതാക്കൾ പറയുന്നു. യുവതിയുടെ പാസ്പോർട്ട് മകൻ നശിപ്പിച്ചിട്ടില്ലെന്നും മാതാപിതാക്കൾ വിശദീകരിച്ചു. ലഹരിക്ക് അടിമയായ ആഖിൽ റഷ്യൻ യുവതിയുമായി കൂരാച്ചുണ്ടിലെ വീട്ടിലെത്തിയത് ഫെബ്രുവരി 19 നായിരുന്നു.



പിന്നീട് പലതവണ യുവതിയെ ആഖിൽ മർദിച്ചിട്ടുണ്ടെന്ന് മാതാപിതാക്കൾ സമ്മതിച്ചതായി പോലിസ് പറയുന്നു. യുവതി വീടിന്റെ മുകൾ നിലയിൽ നിന്ന് താഴേക്ക് ചാടുന്നതിന് തലേ ദിവസവും ഇവർ തമ്മിൽ തർക്കം ഉണ്ടായിരുന്നു.

പേരാമ്പ്രയിലേക്കുള്ള കാർ യാത്രക്കിടെ മുളിയിങ്ങലിൽ വച്ച് വാഹനത്തിൽ നിന്നും യുവതി പുറത്തേക്ക് ചാടി.

നാട്ടുകാർ അറിയിച്ചതോടെ വനിത പോലിസ് ഉദ്യോഗസ്ഥയെത്തി ഇവരെ സ്റ്റേഷനിലേക്ക് ഇവരുടെ കാറിൽ തന്നെ കൊണ്ടുപോയി. വഴിയിൽ വെച്ച് ആഖിൽ പോലിസ് ഉദ്യോഗസ്ഥയെ ഭീഷണിപ്പെടുത്തി ഇറക്കിവിട്ട് സ്വന്തം വീട്ടിലേക്ക് വണ്ടിയോടിച്ച് പോയിട്ടും പോലിസ് ഇടപെട്ടില്ലെന്ന് പ്രദേശവാസികൾ ആരോപിക്കുന്നുണ്ട്. എന്നാൽ സമയ ബന്ധിതമായി ഇടപെടുന്നതിൽ വീഴ്ച പറ്റിയിട്ടില്ലെന്നാണ് കൂരാച്ചുണ്ട് പോലിസിന്റെ വിശദീകരണം.

റിമാൻഡിലായ ആഖിലിനെതിരേ ബലാത്സംഗം ഉൾപ്പെടെ ഗുരുതരമായ വകുപ്പുകളുണ്ട്. പരുക്കേറ്റ റഷ്യൻ യുവതി പേരാമ്പ്ര ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റിന് മുൻപാകെ രഹസ്യ മൊഴി നൽകിയ ശേഷം തിരികെ മെഡിക്കൽ കോളേജിൽ എത്തിയിട്ടുണ്ട്. ഇനി ഇവരെ റഷ്യയിലേക്ക് മടക്കിയെത്തിക്കാനുള്ള നടപടികളാണ് റഷ്യൻ കോൺസുലേറ്റ് സ്വീകരിക്കുന്നത്. ആശുപത്രിയിൽ തുടരുന്ന യുവതിയെ റഷ്യയിലേക്ക് തിരികെയെത്തിക്കാൻ താൽക്കാലിക പാസ്പോർട്ടിനായി നടപടി തുടങ്ങി.

# വിചാരണ പൂർത്തിയായെങ്കിൽ മദനിയുടെ ആവശ്യം അംഗീകരിക്കേണ്ടി വരും: സുപ്രീം കോടതി

ന്യൂഡൽഹി: വിചാരണ പൂർത്തിയായ സാഹചര്യത്തിൽ കേരളത്തിലേക്ക് പോകാൻ അനുവദിക്കണമെന്ന പി.ഡി.പി ചെയർമാൻ അബ്ദുൾ നാസർ മദനിയുടെ ആവശ്യം അംഗീകരിക്കേണ്ടി വരുമെന്ന് സുപ്രീം കോടതി. ബംഗളൂരു സ്ഫോടനക്കേസിലെ വിചാരണ പൂർത്തിയായെങ്കിൽ കേസിലെ പ്രതിയായ മദനിക്ക് കേരളത്തിലേക്ക് പോകാൻ അനുമതി നൽകിക്കൂടെയെന്ന് സുപ്രീം കോടതി ആരാഞ്ഞു. അതേ സമയം മദനിയുടെ ജാമ്യ വ്യവസ്ഥയിൽ ഒരു ഇളവും അനുവദിക്കരുതെന്ന് കർണാടക സർക്കാർ സുപ്രീം കോടതിയിൽ ആവശ്യപ്പെട്ടു. മദനിയുടെ ഹർജി പരിഗണിക്കുന്നത് സുപ്രീം കോടതി ഏപ്രിൽ 13 ലേക്ക് മാറ്റി. ആരോഗ്യനില മോശമാണെന്നും ചികിത്സയ്ക്കായി നാട്ടിലേക്ക് മടങ്ങാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടാണ് അബ്ദുൾ നാസർ മദനി സുപ്രീം കോടതിയെ സമീപിച്ചത്. നേരത്തെ മദനിക്ക് ജാമ്യം അനുവദിച്ചപ്പോൾ ഒരു കാരണവശാലും ബംഗളൂരു വിടരുതെന്ന് സുപ്രീം കോടതി നിർദേശിച്ചിരുന്നു. എന്നാൽ കേസിന്റെ വിചാരണ പൂർത്തിയായ സാഹചര്യത്തിൽ ഈ വ്യവസ്ഥയിൽ ഇളവ് അനുവദിക്കണമെന്ന് മദനിക്ക് വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ കപിൽ സിബലും അഭിഭാഷകൻ ഹാരിസ് ബീരാനും സുപ്രീം കോടതിയിൽ ആവശ്യപ്പെട്ടു. വിചാരണ പൂർത്തിയായത് സംബന്ധിച്ച കോടതി രേഖകൾ ഇരുവരും സുപ്രീം കോടതിക്ക് കൈമാറി. ബാബരി മസ്ജിദ് പൊളിക്കലിന് ശേഷമുണ്ടായ കലാപ കേസുകളിലും, കോയമ്പത്തൂർ സ്ഫോടന കേസിലും മദനി പ്രതി ആയിരുന്നുവെന്ന് കർണാടക സർക്കാർ സുപ്രീം കോടതിയിൽ ചൂണ്ടിക്കാട്ടി. ഈ കേസുകളിൽ എല്ലാം അദ്ദേഹം കുറ്റ വിമുക്തനായതായി സിബലും, ഹാരിസും ചൂണ്ടിക്കാട്ടി.



ജാമ്യ വ്യവസ്ഥ മദനി ഇതുവരെ ലംഘിച്ചിട്ടുണ്ടോ എന്ന് സുപ്രീംകോടതി ബെഞ്ച് കർണാടക സർക്കാരിനോട് ആരാഞ്ഞു. കർശന വ്യവസ്ഥകളായിരുന്നു സുപ്രീം കോടതി മുന്നോട്ട് വെച്ചതെന്നും അതിനാൽ ലംഘനം ഉണ്ടായിട്ടില്ലെന്നും സർക്കാരിനു വേണ്ടി ഹാജരായ അഭിഭാഷകൻ സുപ്രീം കോടതിയിൽ അഭിപ്രായപ്പെട്ടു. കർണാടക തെരഞ്ഞെടുപ്പ് കഴിയുന്നത് വരെ ഹർജി നീട്ടിവെക്കണമെന്ന കർണാടക സർക്കാരിന്റെ ആവശ്യം സുപ്രീം കോടതി തള്ളി. പൗരന്റെ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇത്തരം ഒരു വാദം ഉന്നയിച്ചതിന് കോടതി സർക്കാരിനെ വിമർശിച്ചു.

ലോക്സഭാ സെക്രട്ടേറിയറ്റിന്റെ വിജ്ഞാപനം കീറിയെറിഞ്ഞ് പ്രതിഷേധം

# കോൺഗ്രസ് എം.പിമാരെ സസ്പെൻഡ് ചെയ്തേക്കും

ന്യൂഡൽഹി: മോദി പരാമർശത്തിൽ രാഹുൽ ഗാന്ധിയെ അയോഗ്യനാക്കിക്കൊണ്ടുള്ള ലോക്സഭാ സെക്രട്ടേറിയറ്റിന്റെ വിജ്ഞാപനം കീറിയ കേരളത്തിൽ നിന്നുള്ള എം.പിമാരെ സസ്പെൻഡ് ചെയ്തേക്കും. എം.പിമാരായ ഹൈബി ഈഡൻ, ടി.എൻ പ്രതാപൻ എന്നിവരാണ് ലോക്സഭയിൽ വച്ച് രേഖകൾ കീറിയെറിഞ്ഞ് പ്രതിഷേധിച്ചത്. ഇരുവരുടേയും പ്രതിഷേധം അതിരുകടന്നുവെന്ന നിഗമനത്തിലാണ് സ്പീക്കർ നടപടിക്കൊരുങ്ങുന്നത്.



രാഹുൽ ഗാന്ധിയെ അയോഗ്യനാക്കിയ ലോക്സഭാ സെക്രട്ടേറിയറ്റിന്റെ നടപടിക്കെതിരേ കറുത്ത വസ്ത്രവും മാസ്കുമണിഞ്ഞാണ് പ്രതിപക്ഷ എം.പിമാർ പ്രതിഷേധിക്കുന്നത്. പ്രതിപക്ഷ ബഹളത്തിനിടെ പാർലമെന്റിന്റെ ഇരു സഭകളും നിർത്തിവെച്ചിരിക്കുകയാണ്.




# കൊവിഡ് കേസുകളിൽ വീണ്ടും വർധനവ്; ഏഴ് മരണം, കേരളത്തിൽ മൂന്ന്

ന്യൂഡൽഹി: രാജ്യത്ത് കൊവിഡ് കേസുകൾ വീണ്ടും വർധിക്കുന്ന സാഹചര്യത്തിൽ പുതിയ മാർഗനിർദ്ദേശങ്ങളിറക്കി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. ഏഴ് കോവിഡ് മരണങ്ങളാണ് കഴിഞ്ഞ ദിവസം രാജ്യത്ത് സ്ഥിരീകരിച്ചത്. മഹാരാഷ്ട്രയിലും ഗുജറാത്തിലും രണ്ട് പേർ വീതവും കേരളത്തിൽ മൂന്നു പേരുമാണ് കൊവിഡ് ബാധിച്ച് മരിച്ചത്.

രാജ്യത്ത് 1890 പുതിയ കൊവിഡ് കേസുകൾ സ്ഥിരീകരിച്ചു. ഇതോടെ ആകെ കേസുകളുടെ എണ്ണം 9433 ആയി ഉയർന്നു. കഴിഞ്ഞ 149 ദിവസങ്ങളിലെ ഏറ്റവും ഉയർന്ന നിരക്കാണ് ഇത്. കൊവിഡ് കേസുകൾ ഉയരുന്ന പട്ടികയിൽ കേരളം ഒന്നാമതാണ്. 26.4 ശതമാനം രോഗികളാണ് കേരളത്തിലുള്ളത്. 1500 പേർക്കാണ് ശനിയാഴ്ച കേരളത്തിൽ രോഗം സ്ഥിരീകരിച്ചത്.കൊവിഡ് കേസുകൾ ഉയരുന്ന സാഹചര്യത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയം പരിശോധനയുടെ വേഗം കൂട്ടാൻ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി. ആവശ്യമായ തോതിൽ പല സംസ്ഥാനങ്ങളിലും ടെസ്റ്റുകൾ നടക്കുന്നില്ലെന്നാണ് ആരോഗ്യമന്ത്രാലയം വ്യക്തമാക്കുന്നത്. എല്ലാ ആശുപത്രികളും ഓക്സിജൻ, മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയ ആവശ്യ വസ്തുക്കൾ കരുതണം. പത്തുലക്ഷം പേർക്ക് 140 കൊവിഡ് പരിശോധന എന്നതാണ് നിലവിലെ അനുപാതം. പൊതു സ്ഥലങ്ങളിലും ജോലി സ്ഥലങ്ങളിലും വാഹനങ്ങളിലും മാസ്ക് ധരിക്കണം.

ആൾക്കൂട്ടമുള്ള ഇടങ്ങളും വായുസഞ്ചാരം കുറഞ്ഞ സ്ഥലങ്ങളും പ്രായമായവരും മറ്റ് രോഗങ്ങൾ ഉള്ളവരും ഒഴിവാക്കണം, ആശുപത്രി പരിസരങ്ങളിൽ ആശുപത്രി അധികൃതരും മറ്റ് രോഗികളും മാസ്ക് ധരിക്കണം, പൊതുസ്ഥലങ്ങളിൽ തുപ്പുന്നത് ഒഴിവാക്കുക, കൈകൾ ഇടയ്ക്കിടെ കഴുകുക, ലക്ഷണങ്ങൾ കണ്ടാലുടൻ തന്നെ ടെസ്റ്റ് നടത്തണം. സമ്പർക്കം പരാമാവധി ഒഴിവാക്കണമെന്നും നിർദേശങ്ങളിലുണ്ട്.

## അദാനിയുടെ പേര് കേൾക്കുമ്പോൾ പരിഭ്രാന്തനാകുന്നതെന്തിനാണ്?

# മോദിക്കെതിരേ തുറന്നടിച്ച് പ്രിയങ്ക

ന്യൂഡൽഹി: അഹങ്കാരിയും ഭീരുവുമാണ് രാജ്യത്തിന്റെ പ്രധാനമന്ത്രിയെന്ന് കോൺഗ്രസ് ദേശീയ ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി. പ്രധാനമന്ത്രി അധികാരത്തിന് പിന്നിൽ ഒളിച്ചിരിക്കുകയാണെന്നും ചോദ്യങ്ങളെ ഭയക്കുന്നുവെന്നും പ്രിയങ്ക തുറന്നടിച്ചു. രാഹുലിനെ അയോഗ്യനാക്കിയതിനെതിരേ ബി.ജെ.പിക്കും മോദിക്കുമെതിരേ രൂക്ഷ വിമർശനമാണ് രാജ്ഘട്ടിൽ കോൺഗ്രസ് സംഘടിപ്പിച്ച സങ്കൽപ് സത്യാഗ്രഹത്തിൽ സംസാരിക്കവേ പ്രിയങ്ക ഉന്നയിച്ചത്. അദാനിക്കെതിരേ പാർലമെന്റിൽ ചില ചോദ്യങ്ങളുന്നയിക്കുകയാണ് രാഹുൽ ചെയ്തത്.

അതിന് ഉത്തരം നൽകാൻ കഴിയാത്ത പ്രധാനമന്ത്രി ചോദ്യങ്ങളെ ഭയക്കുന്നുവെന്നും അധികാരമുപയോഗിച്ച് അടിച്ചമർത്തുന്നുവെന്നും പ്രിയങ്ക ആരോപിച്ചു. 'നരേന്ദ്ര മോദിയെ വിമർശിച്ചതിന്റെ പേരിൽ എനിക്കെതിരെയും കേസെടുക്കാം, ജയിലിലേക്ക് അയക്കാം. പക്ഷേ രാജ്യത്തിന്റെ പ്രധാനമന്ത്രി ഒരു ഭീരുവാണ് എന്നതാണ് സത്യം'. അഹങ്കാരിയായ ഭരണധികാരിയെ ജനം വച്ചുപൊറുപ്പിക്കില്ല, അതാണ് നമ്മുടെ രാജ്യത്തിന്റെ പാരമ്പര്യം. ബി.ജെ.പിയും മോദിയും ഒരാളെ രക്ഷിക്കാൻ ശ്രമിക്കുകയാണ്. അദാനിക്ക് നിങ്ങൾ രാജ്യത്തിന്റെ മുഴുവൻ സമ്പത്തും നൽകുന്നത് എന്തിനാണ്?, അദാനിയുടെ പേര് കേൾക്കുമ്പോൾ നിങ്ങൾ പരിഭ്രാന്തരാകുന്നത് എന്തിനാണെന്നും പ്രിയങ്ക ചോദിക്കുന്നു. പ്രധാനമന്ത്രിയോട് ചില ചോദ്യങ്ങൾ മാത്രമാണ് രാഹുൽ ഗാന്ധി പാർലമെന്റിൽ ചോദിച്ചത്, അതിന് ഉത്തരം നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ചോദ്യങ്ങൾ ചോദിക്കുന്നയാളെ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്നും എട്ടുകൊല്ലം അയോഗ്യനാക്കുന്നത് രാജ്യത്തിനും ജനാധിപത്യത്തിനും ഭൂഷണമല്ല.

രാഹുൽ രാജ്യത്തെയും, പിന്നോക്ക വിഭാഗത്തെയും അപമാനിച്ചുവെന്ന പ്രചാരണമാണ് ബി.ജെ.പി നടത്തിയത്. ഹാർവാർഡിൽ നിന്നും കേംബ്രിഡ്ജിൽ നിന്നും ബിരുദമെടുത്ത രാഹുലിനെ പപ്പുവെന്ന് വിളിച്ച് അപമാനിച്ചു. രാജ്യത്തിന് വേണ്ടി ജീവൻ വെടിഞ്ഞ ഒരു രക്തസാക്ഷിയുടെ മകനെയാണ് അവർ രാജ്യദ്രോഹിയെന്ന് വിളിക്കുന്നതെന്ന് ഓർമ്മിക്കണം. രക്തസാക്ഷിയായ പിതാവിനെ പലതവണ പാർലമെന്റിൽ അപമാനിച്ചു. അവർക്കെതിരേയൊന്നും മാനനഷ്ടത്തിന് കേസെടുത്തിട്ടില്ലെന്നും പ്രിയങ്ക ഗാന്ധി പറഞ്ഞു.



രാജ്ഘട്ടിൽ കോൺഗ്രസ് സംഘടിപ്പിച്ച സങ്കൽപ് സത്യഗ്രഹത്തിൽ സംസാരിക്കുന്ന പ്രിയങ്ക ഗാന്ധി

# അടുത്ത മൂന്നു ദിവസത്തേക്ക് കേരളത്തിൽ ഇടിമിന്നലോടു കൂടിയ മഴക്ക് സാദ്ധ്യത

**തിരുവനന്തപുരം: കേരളത്തിൽ അടുത്ത മൂന്നു ദിവസത്തേക്ക് ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മാർച്ച് 27 മുതൽ 29 വരെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴക്കും 30 മുതൽ 40 വരെ വേഗത്തിൽ വീശിയടിക്കാവുന്ന ശക്തമായ കാറ്റിനും സാദ്ധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ അറിയിപ്പിൽ പറയുന്നു. അപകട സാധ്യതകൾ ഒഴിവാക്കാനായി കേന്ദ്ര കാലവസ്ഥാ വകുപ്പ് ഇടിമിന്നൽ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു.**

**ഇ**ടിമിന്നലിന്റെ ആദ്യ ലക്ഷണം കണ്ടുകഴിഞ്ഞാൽ ഉടൻ തന്നെ സുരക്ഷിതമായ കെട്ടിടത്തിനുള്ളിലേക്ക് മാറുക. തുറസ്സായ സ്ഥലങ്ങളിൽ തുടരുന്നത് ഇടിമിന്നലേൽക്കാനുള്ള സാധ്യത വർധിപ്പിക്കും.



**ശ**ക്തമായ കാറ്റിനും ഇടിമിന്നലിനും സാധ്യതയുള്ള ഘട്ടത്തിൽ ജനലും വാതിലും അടച്ചിടുക, വാതിലിനും ജനലിനും അടുത്ത് നിൽക്കാതെയിരിക്കുക. കെട്ടിടത്തിനകത്ത് തന്നെ ഇരിക്കുകയും പരമാവധി ഭിത്തിയിലോ തറയിലോ സ്പർശിക്കാതിരിക്കാൻ ശ്രമിക്കുകയും ചെയ്യുക.

**ഗൃ**ഹോപകരണങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുക. വൈദ്യുതി ഉപകരണങ്ങളുടെ സാമീപ്യവും ഇടിമിന്നലുള്ള സമയത്ത് ഒഴിവാക്കുക.

**ഇ**ടിമിന്നലുള്ള സമയത്ത് ടെലിഫോൺ ഉപയോഗിക്കുന്നത് ഒഴിവാക്കണം. മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് കൊണ്ട് കുഴപ്പമില്ല.

**കു**ട്ടികൾ അന്തരീക്ഷം മേഘാവൃതമാണെങ്കിൽ, തുറസായ സ്ഥലത്തും, ടെറസ്സിലും കളിക്കുന്നത് ഒഴിവാക്കുക.

**ഇ**ടിമിന്നലുള്ള സമയത്ത് വൃക്ഷങ്ങളുടെ ചുവട്ടിൽ നിൽക്കരുത്. വാഹനങ്ങൾ മരച്ചുവട്ടിൽ പാർക്ക് ചെയ്യുകയുമരുത്.

**ഇ**ടിമിന്നലുള്ള സമയത്ത് വാഹനത്തിനകത്ത് തന്നെ തുടരുക. കൈകാലുകൾ പുറത്തിടാതിരിക്കുക. വാഹനത്തിനകത്ത് നിങ്ങൾ സുരക്ഷിതരായിരിക്കും. സൈക്കിൾ, ബൈക്ക്, ട്രാക്ടർ തുടങ്ങിയ വാഹനങ്ങളിലുള്ള യാത്ര ഇടിമിന്നൽ സമയത്ത് ഒഴിവാക്കുകയും ഇടിമിന്നൽ അവസാനിക്കുന്നത് വരെ സുരക്ഷിതമായ ഒരു കെട്ടിടത്തിൽ അഭയം തേടുകയും വേണം.

**മ**ഴക്കാറ് കാണുമ്പോൾ തുണികൾ എടുക്കാൻ ടെറസ്സിലേക്കോ, മുറ്റത്തേക്കോ ഇടിമിന്നലുള്ള സമയത്ത് പോകരുത്.

**കാ**റ്റിൽ മറിഞ്ഞു വീഴാൻ സാധ്യതയുള്ള വസ്തുക്കൾ കെട്ടി വയ്ക്കുക.

**ഇ**ടിമിന്നലുള്ള സമയത്ത് കുളിക്കുന്നത് ഒഴിവാക്കുക. ടാപ്പുകളിൽ നിന്ന് വെള്ളം ശേഖരിക്കുന്നതും ഒഴിവാക്കുക. പൈപ്പുകളിലൂടെ മിന്നൽ മൂലമുള്ള വൈദ്യുതി സഞ്ചരിച്ചേക്കാം.

**ഇ**ടിമിന്നൽ ഉണ്ടാകുമ്പോൾ ജലാശയത്തിൽ മീൻ പിടിക്കാനോ കുളിക്കാനോ ഇറങ്ങുവാൻ പാടില്ല. കാർമേഘങ്ങൾ കണ്ട് തുടങ്ങുമ്പോൾ തന്നെ മൽസ്യബന്ധനം, ബോട്ടിങ് തുടങ്ങിയ കാര്യങ്ങൾ നിർത്തി വെച്ച് ഉടനെ അടുത്തുള്ള കരയിലേക്ക് എത്താൻ ശ്രമിക്കണം. ഇടിമിന്നലുള്ള സമയത്ത് ബോട്ടിന്റെ ഡെക്കിൽ നിൽക്കരുത്. ചൂണ്ടയിടുന്നതും വലയെറിയുന്നതും ഇടിമിന്നലുള്ള സമയത്ത് നിർത്തി വെക്കണം.

പട്ടം പറത്തുന്നത് ഒഴിവാക്കുക.

**ഇ**ടിമിന്നലുള്ള സമയത്ത് ടെറസ്സിലോ മറ്റ് ഉയരമുള്ള സ്ഥലങ്ങളിലോ വൃക്ഷ കൊമ്പിലോ ഇരിക്കുന്നത് അപകടകരമാണ്.

വളർത്തു മൃഗങ്ങളെ തുറസായ സ്ഥലത്ത് ഈ സമയത്ത് കെട്ടരുത്. അവയെ അഴിക്കുവാനും സുരക്ഷിതമായി മാറ്റി കെട്ടുവാനും മഴമേഘം കാണുന്ന സമയത്ത് പോകരുത്. ഇത് നിങ്ങൾക്ക് ഇടിമിന്നലേൽക്കാൻ കാരണമായേക്കാം.

**അ**ടുത്തുള്ള കെട്ടിടത്തിലേക്ക് മാറാൻ സാധിക്കാത്ത വിധത്തിൽ തുറസ്സായ സ്ഥലത്താണെങ്കിൽ പാദങ്ങൾ ചേർത്തുവച്ച് തല, കാൽമുട്ടുകൾക്ക് ഇടയിൽ ഒതുക്കി പന്തുപോലെ ഉരുണ്ട് ഇരിക്കുക.

**ഇ**ടിമിന്നലിൽനിന്ന് സുരക്ഷിതമാക്കാൻ കെട്ടിടങ്ങൾക്കു മുകളിൽ മിന്നൽ ചാലകം സ്ഥാപിക്കാം. വൈദ്യുതോപകരണങ്ങളുടെ സുരക്ഷക്കായി സർജ്ജ് പ്രൊട്ടക്ടർ ഘടിപ്പിക്കാം.

**മി**ന്നലിന്റെ ആഘാതത്താൽ പൊള്ളൽ ഏൽക്കുകയോ കാഴ്ച്ചയോ, കേൾവിയോ നഷ്ടമാവുകയോ ഹൃദയാഘാതം സംഭവിക്കയോ വരെ ചെയ്യാം. മിന്നലാഘാതം ഏറ്റ ആളിന്റെ ശരീരത്തിൽ വൈദ്യുത പ്രവാഹം ഇല്ല എന്ന് മനസ്സിലാക്കണം. അതിനാൽ മിന്നലേറ്റ ആളിന് പ്രഥമ ശുശ്രൂഷ നൽകുവാൻ മടിക്കരുത്. മിന്നൽ ഏറ്റാൽ ആദ്യ മുപ്പത് സെക്കൻഡ് ജീവൻ രക്ഷിക്കാനുള്ള സുവർണ്ണ നിമിഷങ്ങളാണ്. മിന്നലേറ്റ ആളിന് ഉടൻ വൈദ്യ സഹായം എത്തിക്കുക.



## ബ്രഹ്മപുരത്ത് ആരോഗ്യവകുപ്പിന്റെ സേവനങ്ങൾ തുടരും; സ്പെഷ്യാലിറ്റി സൗകര്യം നിലനിർത്തും

തിരുവനന്തപുരം: ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ ഞായറാഴ്ച പടർന്ന തീ പൂർണമായും അണച്ചു. വീണ്ടും തീപിടിത്തമുണ്ടാകാനുള്ള സാധ്യതയുള്ളതിനാൽ അഗ്നിശമന സേന ബ്രഹ്മപുരത്ത് തുടരുകയാണ്. തീപടിത്തം ഉണ്ടാകാനുള്ള കാരണം കണ്ടെത്തുന്നതിനായുള്ള അന്വേഷണം ആരംഭിച്ചതായി അഗ്നി രക്ഷാസേന അറിയിച്ചു. കഴിഞ്ഞ തവണ ഉറപ്പുനൽകിയ സുരക്ഷ നിയന്ത്രണങ്ങൾ നടപ്പിലാക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു. ഇതിൽ ഉടൻ തീരുമാനമെടുക്കുമെന്ന് ജില്ലാ ഭരണകൂടം അറിയിക്കുകയും ചെയ്തു. ദിവസങ്ങളോളം നീണ്ടുനിന്ന തീയും പുകയും ശമിച്ചിട്ട് ദിവസങ്ങൾ മാത്രമാകുമ്പോഴാണ് ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ സെക്ടർ ഏഴിൽ വീണ്ടും തീപിടുത്തമുണ്ടായത്. അതേസമയം, ബ്രഹ്മപുരത്ത് ആരോഗ്യവകുപ്പിന്റെ സേവനങ്ങൾ തുടരാൻ തീരുമാനിച്ചു. വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഐ.പി സൗകര്യം നിലനിർത്തും. ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ സ്പെഷ്യാലിറ്റി സൗകര്യം നിലനിർത്തും. തീയണച്ച ഫയർ ഫോഴ്സ് ഉദ്യോഗസ്ഥർക്ക് കൃത്യമായ ഇടവേളകളിൽ മെഡിക്കൽ പരിശോധന നടത്താനും തീരുമാനമായി.

## 'മോദാനി', എന്തിനാണ് ഇത്ര ഭയമെന്ന് പ്രധാനമന്ത്രിയോട് രാഹുൽ

ന്യൂഡൽഹി: അയോഗ്യനാക്കപ്പെട്ടാലും താൻ ചോദ്യങ്ങൾ ചോദിക്കുന്നത് തുടരുമെന്ന പറഞ്ഞ രാഹുൽ ഗാന്ധി മോദാനി ബന്ധം വെളിപ്പെട്ടതിന് ശേഷവും പൊതുജനങ്ങളുടെ റിട്ടയർമെന്റ് പണം അദാനിയുടെ കമ്പനിയിൽ നിക്ഷേപിക്കുന്നതെന്തിനെന്ന് ട്വിറ്ററിൽ ചോദിച്ചു. അദാനിയെ കുറിച്ച് അന്വേഷണമില്ലെന്നും ചോദ്യങ്ങൾക്കുത്തരമില്ലെന്നും എന്തിനാണ് ഇത്ര ഭയമെന്ന് പ്രധാനമന്ത്രിയോട് രാഹുൽ ട്വിറ്ററിലൂടെ ചോദ്യമുന്നയിച്ചു. എൽ.ഐ.സിയിലെയും എസ്.ബി.ഐയിലെയും ഇ.പി.എഫ്.ഒയിലെയും പണം അദാനിയുടെ കമ്പനിയിൽ നിക്ഷേപിക്കുന്നതെന്തിനെന്ന ചോദ്യമാണ് രാഹുൽ ഉന്നയിക്കുന്നത്. എന്തിനാണ് ഇത്ര ഭയമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദിയോട് രാഹുൽ ചോദിച്ചു. 'എൽ.ഐ.സിയുടെ മൂലധനം, അദാനിക്ക്! എസ്.ബി.ഐയുടെ മൂലധനം, അദാനിയിലേക്ക്! ഇ.പി.എഫ്.ഒയുടെ മൂലധനവും അദാനിക്ക്! 'മോദാനി' വെളിപ്പെട്ടതിന് ശേഷവും പൊതുജനങ്ങളുടെ റിട്ടയർമെന്റ് പണം എന്തിനാണ് അദാനിയുടെ കമ്പനികളിൽ നിക്ഷേപിക്കുന്നത് പ്രധാനമന്ത്രി, അന്വേഷണമില്ല, ഉത്തരമില്ല! എന്തിനാണ് ഇത്ര ഭയം' രാഹുൽ ഗാന്ധി ട്വീറ്റ് ചെയ്തു.



## ഒൻപതാം ദിവസവും തിരച്ചിൽ തുടർന്ന് പോലിസ്: പ്രഹേളികയായി അമൃത്പാൽ സിംഗ്

ന്യൂഡൽഹി: പഞ്ചാബ് പോലിസിനെ വെട്ടിലാക്കി നാടകീയമായി രക്ഷപ്പെട്ട ഖലിസ്ഥാൻ വിഘടനവാദിയും വാരിസ് പഞ്ചാബ് ദേ തലവനുമായ അമൃത്പാൽ സിംഗിനായി ഒമ്പതാം ദിവസവും തിരച്ചിൽ തുടരുകയാണ്. കഴിഞ്ഞ ദിവസം അമൃത്പാൽ സിംഗിന്റേതെന്ന് സംശയിക്കുന്ന സി.സി.ടി.വി ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു.

എന്നാൽ ഇക്കാര്യം സ്ഥിരീകരിക്കാൻ പഞ്ചാബ് പോലിസ് തയ്യാറായിട്ടില്ല. പഞ്ചാബ് പോലിസ് മാത്രമല്ല, കേന്ദ്ര സേനകൾ കൂടി ഈ വിഷയത്തിൽ ഇടപെട്ട് അന്വേഷണം നടത്തുന്നുണ്ട്. പ്രത്യേകിച്ച് അമിത്ഷായെ വധിക്കുമെന്ന ഭീഷണി അമൃത് പാൽ സിംഗ് മുഴക്കിയ സാഹചര്യത്തിൽ. ഹരിയാനയിൽ തെരച്ചിൽ നടത്തിയെങ്കിലും അവിടെ നിന്നും കണ്ടെത്താൻ സാധിച്ചില്ല. ഇയാൾക്കൊപ്പം താമസിച്ചിരുന്നു എന്ന് കണ്ടെത്തിയതിനെ തുടർന്ന് രണ്ട് സ്ത്രീകളെ പോലിസ് ചോദ്യം ചെയ്തിരുന്നു. അവരിൽ നിന്ന് നിർണായകമായ വിവരങ്ങളൊന്നും തന്നെ കിട്ടിയിട്ടില്ല. അതുപോലെ ഡൽഹിയിലെ പ്രധാനപ്പെട്ട ഇടങ്ങളിലെല്ലാം പരിശോധന നടത്തിയിരുന്നു. ഉത്തരാഖണ്ഡിലും ഡെറാഡൂണിലും പരിശോധന നടത്തിയിരുന്നു. ഇത്രയും ദിവസമായിട്ടും അമൃത്പാൽ സിംഗിനെ കണ്ടെത്താൻ സാധിക്കാത്തത് പ്രഹേളികയായി തുടരുകയാണ്.

## ഇന്നസെന്റിന്റെ ഭൗതികദേഹം ഇരിങ്ങാലക്കുടയിൽ എത്തിച്ചു; പ്രിയ കലാകാരന് ആദരാഞ്ജലികൾ അർപ്പിക്കാൻ ആയിരങ്ങൾ

തൃശൂർ: കേരളത്തിന്റെ പ്രിയ നടന് അന്ത്യാഞ്ജലി അർപ്പിക്കാൻ ഇരിങ്ങാലക്കുടയിലേക്ക് ജനം ഇരമ്പിയെത്തുകയാണ്. വിലാപയാത്രയായാണ് മൃതദേഹം ഇരിങ്ങാലക്കുട ടൗൺ ഹാളിലെത്തിച്ചത്. ജനങ്ങളെ നിയന്ത്രിക്കാൻ കൂടുതൽ പോലസിനെ പ്രദേശത്ത് വിന്യസിപ്പിച്ചിട്ടുണ്ട്. പൊതുദർശനത്തിന് ശേഷം വൈകുട്ട് അഞ്ചിന് മൃതദേഹം വീട്ടിലേക്ക് കൊണ്ടുപോകും.

നാളെ രാവിലെ പത്ത് മണിക്ക് ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രലിലാണ് സംസ്കാര ചടങ്ങുകൾ. കൊച്ചി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന പൊതുദർശനത്തിന് ശേഷമാണ് മൃതദേഹം ഇരിങ്ങാലക്കുടയിലെത്തിച്ചത്. അഭിനയമികവും രാഷ്ട്രീയസാമൂഹിക വ്യക്തിത്വവും കൊണ്ട് ശ്രദ്ധനേടിയ പ്രിയ താരത്തെ കാണാൻ രാഷ്ട്രീയ സിനിമസാംസ്കാരിക മേഖലയിലെ നിരവധി പേരാണ് ഇരിങ്ങാലക്കുട ടൗൺഹാളിലേക്ക് എത്തുന്നത്. പ്രിയദർശൻ ,സത്യൻ അന്തിക്കാട്, സിദ്ദീഖ്, ബാബുരാജ്, മുൻ മന്ത്രി വി.എസ് സുനിൽകുമാർ ഉൾപ്പെടെ സിനിമ രാഷ്ട്രീയ മേഖലയിലെ പ്രമുഖർ ടൗൺഹാളിലെത്തിയിട്ടുണ്ട്. ഇന്നലെ രാത്രി പത്തരയ്ക്കായിരുന്നു അദ്ദേഹത്തിന്റെ മരണം സ്ഥിരീകരിച്ചത്. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നതിനിടെയായിരുന്നു അന്ത്യം. കൊവിഡ് ബാധയെ തുടർന്നുള്ള ശ്വസകോശ സംബന്ധമായ അസുഖങ്ങളും പല അവയവങ്ങളും പ്രവർത്തനക്ഷമമല്ലാത്തതും ഹൃദയാഘാതവുമാണ് മരണത്തിന് കാരണമായത്. രണ്ടാഴ്ച മുൻപാണ് ഇന്നസെന്റിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ആരോഗ്യ നില മെച്ചപ്പെട്ടതിനെത്തുടർന്ന് ഐ.സി.യുവിൽ നിന്ന് മുറിയിലേക്ക് മാറ്റിയിരുന്നെങ്കിലും നില വീണ്ടും ഗുരുതരമാകുകയായിരുന്നു.



**ഇന്നസെന്റിന്റെ ഭൗതികദേഹം ഇരിങ്ങാലക്കുട ടൗൺഹാളിൽ എത്തിച്ചപ്പോൾ**

# ഉമ്മൻചാണ്ടി വധശ്രമക്കേസ്; മൂന്ന് പേർ കുറ്റക്കാർ, 110 പ്രതികളെ വെറുതെ വിട്ടു

കൊച്ചി: മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ വധിക്കാൻ ശ്രമിച്ച കേസിൽ മൂന്ന് പ്രതികൾ കുറ്റക്കാരാണെന്ന് കണ്ണൂർ സബ് കോടതി വിധിച്ചു. 88ാം പ്രതി ദീപക്, 18ാം പ്രതി സി.ഒ.ടി നസീർ, 99ാം പ്രതി ബിജു പറമ്പത്ത് എന്നിവരെയാണ് കോടതി കുറ്റക്കാരായി വിധിച്ചത്. ശിക്ഷ പിന്നീട് വിധിക്കും. കേസിൽ 110 പ്രതികളെ കോടതി വെറുതെ വിട്ടു. മുൻ എം.എൽ.എമാരായ സി.കൃഷ്ണൻ, കെ.കെ.നാരായണൻ തുടങ്ങിയവർ വെറുതെ.വിട്ടവരിലുണ്ട്. 2013 ഒക്ടോബർ 27 നായിരുന്നു കേസിനാസ്പദമായ സംഭവം. പ്രതികൾക്കെതിരേ രണ്ട് വകുപ്പ് മാത്രമാണ് തെളിഞ്ഞത്. ആയുധം പൊതുമുതൽ നശിപ്പിക്കൽ കൊണ്ട് പരുക്കേൽപ്പിക്കൽ, എന്നീ രണ്ട് വകുപ്പുകളാണ് പ്രതികൾക്കെതിരേ തെളിയിക്കാൻ കഴിഞ്ഞത്. വധശ്രമം, ഗൂഢാലോചന, പോലിസിനെ ആക്രമിച്ച് പരുക്കേൽപ്പിക്കൽ അടക്കമുള്ള വകുപ്പുകൾ തെളിയിക്കാനായില്ല. ശിക്ഷിക്കപ്പെട്ട രണ്ട് പേർ സി.പി.എം പുറത്താക്കിയവരാണ്. തലശ്ശേരി സ്വദേശിയായ ഒ.ടി നസീർ, ചാലാട് സ്വദേശിയായ ദീപക് എന്നിവരെയാണ് അച്ചടക്ക നടപടിയുടെ പേരിൽ സി.പി.എം പുറത്താക്കിയത്. കണ്ണപുരം സ്വദേശിയായ ബിജു പറമ്പത്ത് നിലവിൽ സി.പി.എം അംഗമാണ്. കണ്ണൂരിൽ വെച്ചായിരുന്നു കേസിന് ആസ്പദമായ സംഭവം നടന്നത്. കണ്ണൂർ പോലിസ് മൈതാനത്ത് സംസ്ഥാന പോലിസ് അത്ലറ്റിക് മീറ്റിന്റെ സമാപന ചടങ്ങിലെത്തിയ അന്നത്തെ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ സംഘം ചേർന്ന് കൊലപ്പെടുത്താൻ ശ്രമിച്ചെന്നാണ് കേസ്. അന്നുണ്ടായ കല്ലേറിൽ ഉമ്മൻ ചാണ്ടിക്കു പരുക്കേറ്റിരുന്നു.

സോളാർ കേസുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ് നടത്തിയ ഉപരോധ സമരത്തിനിടെയാണ് അക്രമം ഉണ്ടായത്. അദ്ദേഹത്തോടൊപ്പം കാറിലുണ്ടായിരുന്ന കെ.സി. ജോസഫ് എം.എൽ.എ, കോഴിക്കോട് ഡി.സി.സി സെക്രട്ടറിയായിരുന്ന ടി.സിദ്ദിഖ് എന്നിവർക്കും പരുക്കേറ്റിരുന്നു.



**1. മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് നേരെ നടന്ന ആക്രമണത്തിൽ നിന്ന് 2. പരുക്കേറ്റ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഉമ്മൻ ചാണ്ടി (ഫയൽ ചിത്രം)**




**ഉദയം പദ്ധതിയുടെ മൂന്നാം വാർഷികാഘോഷം ചേവായൂർ ഉദയം ഹോമിൽ കോഴിക്കോട് കലക്ടർ എ. ഗീത ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു**

# ലോകം 6ജിയിലേക്ക് കടന്നുവരുമ്പോൾ

**ടി.ഷാഹുൽ ഹമീദ്**

2022 ഒക്ടോബറിൽ നിലവിൽ വന്ന 5ജി നെറ്റ്വർക്ക് സംവിധാനം രാജ്യത്ത് വ്യാപിക്കുന്ന സമയത്ത് തന്നെ 6 ജി ടെലികോം സേവനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ ദർശനരേഖ പുറത്തിറക്കിയത് മനുഷ്യനും യന്ത്രങ്ങളും തമ്മിലുള്ള അകലം കുറക്കുവാനും തടസ്സമില്ലാത്ത ടെലികോം ഇടപെടലിന് സാധ്യമാക്കുന്നതുമാണ്. 5ജിയെക്കാൾ നൂറുമടങ്ങ് വേഗതയിൽ 6ജി സേവനം ലഭ്യമാകും എന്നാണ് ദർശന രേഖയിൽ വ്യക്തമാക്കുന്നത് , ഇത് വ്യവസായ വിപ്ലവത്തിലെ ഏറ്റവും മേന്മയെറിയ കാലഘട്ടമായി മാറും. ഓരോ നൂറ്റാണ്ട് കഴിയുംതോറും ജനങ്ങൾ പുതിയ സാങ്കേതികവിദ്യയിലേക്ക് ചേക്കേറുകയും സാങ്കേതികവിദ്യ ജനങ്ങളുടെ ജീവിത നിലവാരത്തെ മാറ്റിമറിക്കുകയും ഓരോ പുതിയ തലമുറയും പുതിയ സാങ്കേതികവിദ്യ സ്വായത്തമാക്കുവാൻ മത്സരിക്കുകയും ചെയ്യുന്ന സമയത്താണ് 6ജി നെറ്റ്വർക്ക് കടന്നു വരാൻ പോകുന്നത്. ഇന്ത്യയിൽ 100 കോടിയിലധികം ജനങ്ങൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നു ഇതിൽ ബ്രോഡ്ബാൻഡ് നെറ്റ് ഉപയോഗിക്കുന്നവരുടെ എണ്ണം കൂടി കൂടി വരുന്നു. വെറുതെ ഉപയോഗിക്കുന്നതിനപ്പുറം സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുവാൻ ഉതകുന്ന സർവ്വതല ജീവിത സ്പർശിയായ സംവിധാനമാകും 6ജി എന്ന് ദർശനരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ബുദ്ധിയുള്ള തൊഴിലിടം ഉണ്ടാകും ,




സെൻസറുകൾ വ്യാപാകമാകും , ഉയർന്ന ഊർജ്ജ ഉപയോഗം കുറക്കുവാനും കാർബൺ ബഹിർഗമനം നിലവിലുള്ളതിൽ നിന്നും കുറയുവാനും, മനുഷ്യനും യന്ത്രവും തമ്മിലുള്ള അകലം കുറക്കുവാനും 6ജിയിലൂടെ സാധിക്കുന്നതാണ്.

സ്ഥലങ്ങളുടെ ദൂരം കുറഞ്ഞ് ലോകം കൈപ്പിടിയിൽ ഒതുങ്ങുന്നതിന്റെ വേഗത അമ്പരപ്പിക്കുന്ന രീതിയിൽ വർദ്ധിപ്പിക്കുന്നതാണ് , സേവനങ്ങളുടെ സ്ഥാപനവൽക്കരണം ഇല്ലാതാക്കുന്നതിനും റോബോട്ടുകൾ വ്യാപരിക്കുന്നതിനും ഡ്രോണുകൾ നിത്യജീവിതത്തിന്റെ ഭാഗമാകുന്നതിനും ഡ്രൈവർ ഇല്ലാത്ത വാഹനങ്ങൾ സുലഭമാക്കുന്നതിനും ആരോഗ്യരംഗത്ത് ശരീരത്തിൽ ഘടിപ്പിക്കുന്ന ക്യാമറകൾ രോഗം നിർണയം നടത്തുന്നതിനും ചിപ്പുകളുടെ മായാലോകം സൃഷ്ഠിക്കപ്പെടുന്നതിനും 6ജി കാരണമാകുന്നതാണ്.

വെർച്യുൽ റിയാലിറ്റി, ഓഗ്മെന്റ് റിയാലിറ്റി എന്നീ സാങ്കേതികവിദ്യ ഉപയോഗിച്ച് ശാരീരികമായി എത്തിപ്പിടിക്കാനാകാത്ത സ്ഥലങ്ങളിൽ മനുഷ്യർ എത്തുന്നതിനും ലോകം വിപുലമാകുന്നതിനും സാധാരണക്കാർക്ക് പരിചിത മാകുന്നതിനു 6ജി വഴിതെളിക്കും. സെക്കൻഡിൽ 100 എംബി വരെ ഇന്റർനെറ്റ് 6ജി നെറ്റ് വർക്ക് വരുന്നതോടെ ലഭ്യമാകും. ദൂരെ നിന്ന് നിയന്ത്രിക്കുന്ന എ.ടി.എമ്മുകളും റോബോട്ടുകൾ നിയന്ത്രിക്കുന്ന ആരോഗ്യരംഗവും ഇ-കൊമേഴ്സിന്റെ പുതിയ തലവും 6ജിയിലൂടെ യാഥാർഥ്യമാകും. എവിടെ നിന്ന് ഏത് സമയത്തും തടസ്സമില്ലാത്ത ആശയവിനിമയ സൗകര്യം 6ജി ഉറപ്പുവരുത്തുന്നു, രാജ്യത്തെ മുഴുവൻ ആശുപത്രികളേയും പരസ്പരം ബന്ധിപ്പിക്കുന്ന ഡോക്ടർമാരുടേയും ആരോഗ്യ വിദഗ്ധന്മാരുടേയും സേവനം വിരൽത്തുമ്പിൽ ലഭ്യമാകുന്ന ദേശീയ ആരോഗ്യ ശൃംഖല 6ജി വിഭാവനം ചെയ്യുന്നു. റിമോട്ട് നിയന്ത്രിത ഫാക്ടറികൾ മനുഷ്യ ശരീരത്തിൽനിന്ന് നേരിട്ട് വിവരങ്ങൾ ശേഖരിക്കുന്ന ഉപകരണങ്ങൾ , രേഖകൾ ഇല്ലാത്ത ആളുകളെ തിരിച്ചറിയുന്ന യന്ത്ര സംവിധാനങ്ങൾ ഇതെലാം 6ജിയിലൂടെ സാർവത്രികമാകും. ജീവിതത്തിന്റെ സമസ്ത മേഖലയിലും 6ജി സ്വാധീനം ചെലുത്തുമെന്ന് വ്യക്തമാക്കപ്പെട്ട് കഴിഞ്ഞു. 4ജിയിൽ ഒരു ലക്ഷം ഇലക്ട്രോണിക് ഉപകരണങ്ങൾ ഒരു സ്ക്വയർ കിലോമീറ്ററിൽ ഘടിപ്പിക്കാൻ കഴിയുമെങ്കിൽ 5ജിയിൽ അത് 10 ലക്ഷവും 6ജിയിൽ അത് 10ദശലക്ഷവും ആണ്. ഉയർന്ന സു




രക്ഷ, വ്യക്തിപരമായ ആവശ്യങ്ങൾ നിർവഹിക്കുവാനുള്ള ചടുലത , 5ജിയിൽ ലഭിക്കാത്ത സ്വപ്നതുല്യമായ വേഗത , സെൻസർ ഉപയോഗിച്ച് നിയന്ത്രിക്കാൻ കഴിയുന്ന സംവിധാനം, പുതുമയുള്ളതും സ്വാധീനിക്കുവാൻ ഉതകുന്നതുമായ പുത്തൻ സാങ്കേതിക വിദ്യകൾ, ഉപയോഗ ചെലവ് താരതമ്യേന കുറവ് , ഏത് സ്ഥലത്തും ലഭ്യമാകുന്ന ഉയർന്ന സമ്പർക്ക സാധ്യത, വീടിനകത്ത് നെറ്റ് ഉപയോഗിക്കാൻ കഴിയുന്ന ഉയർന്ന ഗുണനിലവാരം ഇതെല്ലാം 6ജിയുടെ പ്രത്യേകതയാണ്.



6ജിക്ക് വേണ്ടി 6 പ്രത്യേക കമ്മിറ്റി ഉണ്ടാക്കി മിഷൻ അപ്പക്സ് ബോഡി ഡയരക്ടറേറ്റ് ഉണ്ടാക്കുമെന്ന് ദർശന രേഖ പറയുന്നു. വിപുലമായ ഒരുക്കങ്ങളിലൂടെയാണ് രാജ്യത്ത് 6ജി പിറന്നുവീഴാൻ പോകുന്നത്. അത്യാധുനികമായ കൃത്യത , ഉയർന്ന പ്രവർത്തനക്ഷമത , അതിനൂതനമായ ബുദ്ധിക്ഷമത ,സ്വപ്നതുല്യമായ സമ്പർക്കം താഴ്ന്ന ഊർജ ചെലവ് എന്നിവയിലൂടെ 6ജി കടന്നുവരുമെന്ന് പ്രതീക്ഷിക്കുന്നു. ആഗോളതരത്തിലുള്ള സാധ്യതകളെ പരമാവധി ഉപയോഗിച്ചാണ് 6ജി വരിക. സർവ്വവ്യാപിയായ ,സുസ്ഥിരമായ , ചെലവ് തങ്ങാൻ കഴിയുന്ന , ഗുണനിലവാരമുള്ളതും സാധ്യതയുള്ളതുമാകും എന്ന് കാഴ്ചപ്പാട് രേഖയിൽ വ്യക്തമാക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ ടെലികോം മേഖലയുണ്ടായ മാറ്റങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് 6ജി രാജ്യത്ത് കടന്നു വരിക. 30 കോടി ഇന്ത്യൻ കുടുംബങ്ങൾ 16 കോടി സ്മാർട്ട്ഫോൺ ഒരുവർഷം വാങ്ങിക്കുന്നു. ഒരു കുടുംബം രണ്ടുവർഷം കൂടുമ്പോൾ ഒരു പുതിയ സ്മാർട്ട് ഫോൺ വാങ്ങുന്നു. ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ ടെലികോം വിപണിയാണ് ഇന്ത്യ. 5ജി സ്പെക്ട്രം വലിയ തുകയിൽ വിറ്റുപോയത് പ്രതീക്ഷ നൽകുന്നു. ഇന്ത്യയിൽ 2030ൽ 6ജി യാഥാർഥ്യമാകുമെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. 4 ജി ഗെയിമിങ്ങിനും വിനോദത്തിനും കുതിച്ചുചാട്ടം ഉണ്ടാക്കിയെങ്കിൽ 5ജി വേഗതയിൽ വിപ്ലവം സൃഷ്ടിച്ചു , 6ജി അതിനേക്കാൾ മുകളിൽ സാമൂഹ്യ പശ്ചാത്തല ഇടങ്ങളെ സാമ്പത്തിക അവസരങ്ങളുടെ ഇടമാക്കി മാറ്റുന്നതാണ്. നിലവിൽ ദക്ഷിണ കൊറിയ 1200 കോടി രൂപ മുതൽമുടക്കി ആറാംതലമുറ ടെലികോം നെറ്റിനെ സ്വീകരിക്കുന്നതിനുവേണ്ടി പ്രവർത്തനം ആരംഭിച്ചു ,2 028ൽ സൗത്ത് കൊറിയയിൽ 6ജി ആരംഭിക്കുമെന്ന പ്രഖ്യാപനം വലിയ മത്സരമാണ് ഈ രംഗത്ത് ലോക രാജ്യങ്ങൾ തമ്മിൽ ഉണ്ടാക്കിയിട്ടുള്ളത്. യൂറോപ്യൻ യൂണിയൻ , ജപ്പാൻ , റഷ്യ , ചൈന എന്നീ രാജ്യങ്ങൾ 6ജിയുമായി ബന്ധപ്പെട്ട് വലിയ രീതിയിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

10 വർഷത്തെ ദീർഘകാല പരിപ്രേക്ഷ്യമാണ് ഇതിനായി സർക്കാർ തയ്യാറാക്കിയിട്ടുള്ളത് , നിലവിലുള്ള നെറ്റ് വർക്ക് പ്രശ്നങ്ങൾ പൂർണമായും പരിഹരിച്ച് , വേഗത ഒരു ടിബി ( ടെറാബൈറ്റ്സ്)ആക്കി സാമൂഹ്യ റേഡിയോ സാങ്കേതികവിദ്യ അമിതമായി ഉപയോഗിക്കുന്ന സംവിധാനം ഉപയോഗിച്ച് 2030നകം 100 എംബി നെറ്റ് എല്ലാ ജനങ്ങളിലും എത്തിച്ച് 6ജി കടന്ന് വരുമെന്നാണ് വ്യക്തമാക്കപ്പെട്ടിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളുടെ നെറ്റ് കണക്ടിവിറ്റി 500 ജിബി ആകും 90% വീടുകളിലും ഉയർന്ന വേഗതയിലുള്ള ബ്രോഡ്ബാൻഡ് നെറ്റ് സൗകര്യം ഉണ്ടാക്കും , രാജ്യത്താകമാനം 50 ദശലക്ഷം പൊതു വൈഫൈ ഹോട്ട്സ്പോട്ടുകൾ ഉണ്ടാക്കും. സ്പെക്ട്ര ബാൻഡുകളെ ലൈസൻസിൽ നിന്നും ഒഴിവാക്കും 25 ദശലക്ഷം ഇന്റർനെറ്റ് യന്ത്രങ്ങൾ ജനങ്ങളുടെ ബുദ്ധിവികാസത്തിന് വേണ്ടി



ഉണ്ടാക്കും, ദുരന്തനിവാരണം എളുപ്പമാക്കും. 6ജി വെറും വാർത്താവിനിമയത്തിന് മാത്രമല്ല, രാജ്യം നേരിടുന്ന കാതലായ പ്രശ്നങ്ങളായ ക്രമസമാധാനം, ആരോഗ്യ രംഗം , വിജ്ഞാനാധിഷ്ഠിത സമ്പത്ത് വ്യവസ്ഥ ഉണ്ടാക്കാൻ ,ജീവിത നിലവാരം ഉയർത്തുന്ന പ്രവർത്തങ്ങൾക്ക് , ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് (ഐ.ഒ.ടി )ഡിജിറ്റൽ സേവനങ്ങൾ ,സദ്ഭരണം , അതിർത്തി രക്ഷാ സംവിധാനം , സൈബർ സുരക്ഷ എന്നീ മേഖലകളിൽ 6ജി വ്യാപരിക്കുമെന്ന് വ്യക്തമാക്കപ്പെട്ട് കഴിഞ്ഞു. നാലു തൂണുകളിലായി 6ജി സംവിധാനം ഒരുക്കുമെന്നാണ് വിശ്വസിക്കുന്നത്. ഒന്ന്-വിശ്വസിക്കാൻ കൊള്ളാവുന്നപ്രതലം, രണ്ട്-സുസ്ഥിരത, മൂന്ന്-തനിയെ പ്രവർത്തിക്കുന്നതും കമ്പ്യൂട്ടർ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ, നാല്-പരിധിയില്ലാത്ത സമ്പർക്കം.രണ്ട് ഘട്ടമായാണ് ഇന്ത്യയിൽ 6ജി പ്രവർത്തനമാരംഭിക്കുക. 2023 മുതൽ 25 വരെ പ്രാരംഭമായ ഒന്നാം ഘട്ടം ഉയർന്ന തലത്തിൽ സംവിധാനം ഉണ്ടാക്കി പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നു , 2025-30നുള്ളിൽ ഭാരത് 6ജി മിഷൻ ഉണ്ടാക്കി വ്യക്തമായ രീതിയിലുള്ള ഗവേഷണവും വികസനവും നടത്തി 6ജി യാഥാർഥ്യമാകും. 5ജി പൂർണമായും എല്ലാ ആളുകളിലും എത്തുന്നതിനുമുമ്പ് 6ജിയെ കുറിച്ച് ആലോചിക്കുന്നതിനെക്കുറിച്ച് രണ്ട് അഭിപ്രായം ഈ മേഖലയിലുള്ളവർ പങ്കുവച്ചിട്ടുണ്ട്. ലോകത്ത് ഇതുവരെ 6ജി ഒരു രാജ്യത്തും ആരംഭിച്ചിട്ടില്ല , വർഷങ്ങൾക്കു മുമ്പ് തന്നെ ലോക ലോകരാജ്യങ്ങൾ നടത്തുന്ന തയ്യാറെടുപ്പുകൾ തന്നെ 6ജി വരവിനെ കുറിച്ചുള്ള ലോകത്തിന്റെ ആകാംക്ഷ വെളിവാക്കുന്നു. നിലവിലുള്ള ജോലികൾ അപ്രത്യക്ഷമാവുകയും പുതിയത് വളർന്നു വരികയും ചെയ്യും , സമർത്ഥമായ നിയന്ത്രണം 6 ജിയിലൂടെ യാഥാർത്ഥ്യമാകും. 6ജി സംബന്ധിച്ച് അന്താരാഷ്ട്ര കോൺഫറൻസ് ഒക്ടോബർ 18 മുതൽ 20 വരെ പാരീസിൽ വച്ച് നടക്കാൻ പോവുകയാണ്. ഇവിടെവച്ചാണ് 6ജി യുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യങ്ങൾ ലോകരാജ്യങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുക.

നിലവിൽ നോർവേ , നെതർലാൻഡ് , ഹംഗറി എന്നീ രാജ്യങ്ങളിൽ ഇന്റർനെറ്റ് വേഗത വലിയ രീതിയിൽ ലഭിക്കുന്നു. 5ജി യിൽ ഭീമമായ തുക മുതൽ മുടക്കിയവർക്ക് തിരികെ ലഭിക്കാത്തത് 5ജി ബിസിനസ് മേഖല വളർന്നിട്ടില്ല എന്നതിന്റെ ദൃഷ്ടാന്തമായി ചൂണ്ടികാണിക്കുന്നു. ലോകത്ത് ഏഴിൽ ഒന്ന് ജനങ്ങൾ മാത്രമേ 5ജി ഉപയോഗിക്കുന്നുള്ളൂ ഈ ഘട്ടത്തിലാണ് 6ജിയുടെ പരീക്ഷണത്തിനും വികസനത്തിനു വേണ്ടി 625.3 ബില്യൺ യു.എസ് ഡോളർ ലോകത്ത് മുതൽമുടക്കാൻ വേണ്ടി പോകുന്നത്. ലോകം പുതിയ ലോകക്രമത്തിലേക്ക് മാറുവാൻ പര്യാപ്തമാകുമെന്ന് ഈ മേഖലയിലുള്ളവർ ഒന്നടങ്കം പ്രതീക്ഷിക്കുന്ന 6ജി വരവ്, 5 ജിനെറ്റ്വർക്ക് പൂർണമായും എല്ലാവരിലും എത്തിക്കുന്നതിന് മുമ്പ് എങ്ങനെ യാഥാർഥ്യമാകുമെന്ന് ആശങ്കപ്പെടുന്നു. 6ജി വന്നാൽ ഈ മേഖലയിൽ അന്തരം ഉണ്ടാക്കുന്നതിന് സാധ്യതയുണ്ട് എന്നും വ്യക്തമാക്കപ്പെട്ട് കഴിഞ്ഞിതിനാൽ സമ്മിശ്രമായാണ് 6ജിയുടെ വരവിനെ ലോകം സ്വീകരിക്കുവാൻ ഒരുങ്ങുന്നത്.

## വീർ സവർക്കർ ഞങ്ങളുടെ ദൈവം, അനാദരവ് പ്രോത്സാഹിപ്പിക്കില്ല: രാഹുൽ ഗാന്ധിക്ക് ഉദ്ധവ് താക്കറെയുടെ മുന്നറിയിപ്പ്



ന്യൂഡൽഹി: വീർ സവർക്കർ തങ്ങളുടെ ദൈവമാണെന്നും അദ്ദേഹത്തെ അപമാനിച്ചാൽ സഹിക്കില്ല എന്നും ശിവസേനാ നേതാവ് ഉദ്ധവ് താക്കറെ. മോദി പരാമർശത്തിൽ മാപ്പു പറയാൻ താൻ സവർക്കർ അല്ലെന്ന രാഹുൽ ഗാന്ധിയുടെ പരാമർശത്തോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. സവർക്കറിനെതിരായ യാതൊരു വിധത്തിലുള്ള അനാദരവും തങ്ങൾ സഹിക്കില്ലെന്നും അദ്ദേഹം രാഹുലിന് മുന്നറിയിപ്പ് നൽകി. മാലേഗണിലെ റാലിയെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു ഉദ്ധവ് താക്കറെ. ജനാധിപത്യത്തിനെതിരായുള്ള പോരാട്ടത്തിൽ ഞങ്ങൾ തീർച്ചയായും മുൻനിരയിൽത്തന്നെയുണ്ട്. പക്ഷേ ഞങ്ങളുടെ ദൈവത്തെ അപമാനിക്കുന്നത് സഹിക്കില്ല എന്ന് അദ്ദേഹം പറഞ്ഞു. 'ആൻഡമാൻ സെല്ലുലാർ ജയിലിൽ 14 വർഷത്തോളം ചിന്തിക്കാൻ പോലുമാകാത്ത തരത്തിലുള്ള പീഡനങ്ങൾക്ക് വിധേയനായ വ്യക്തിയാണ് സവർക്കർ. നമുക്കൊക്കെ അദ്ദേഹത്തിന്റെ സഹനങ്ങളെക്കുറിച്ച് വായിക്കാനേ കഴിയൂ. അതൊരു തരം ത്യാഗം തന്നെയാണ്. സവർക്കറെ അപമാനിക്കുന്ന യാതൊരു പരാമർശവും ഞങ്ങൾ പ്രോത്സാഹിപ്പിക്കില്ല.' 'ജനാധിപത്യം സംരക്ഷിക്കുന്നതിനാണ് ശിവസേനയിലെ ഉദ്ധവ് വിഭാഗവും കോൺഗ്രസും എൻ.സി.പിയും ചേർന്ന് പ്രവർത്തിക്കുന്നത്. ഇക്കാര്യത്തിൽ ഒരേ മനസ്സോടെ മുന്നോട്ടു പോകേണ്ടത് അത്യന്താപേക്ഷിതമാണ്. രാഹുൽ ഗാന്ധിയെ ബോധപൂർവം പ്രകോപിപ്പിക്കുന്നതാണെന്നത് അംഗീകരിക്കുന്നു. എങ്കിലും അദ്ദേഹം സവർക്കറെ പരിഹസിക്കുന്നത് ജനാധിപത്യത്തിന് തിരിച്ചടിയാകുകയേ ഉള്ളൂ' ഉദ്ധവ് താക്കറെ പറഞ്ഞു.

## 960ാം ശ്രമം, പതിനൊന്നു ലക്ഷത്തിലധികം ചെലവ്; 69–ാം വയസ്സിൽ ഡ്രൈവിങ് ലൈസൻസ് സ്വന്തമാക്കിയ മിടുക്കി



ചാ സാ സൂൻ

ജിയോൻജു: പ്രായത്തെ വെല്ലുവിളിച്ച് ഡ്രൈവിങ് ലൈസൻസ് സ്വന്തമാക്കിയിരിക്കുകയാണ് ദക്ഷിണ കൊറിയയിലെ ജിയോൻജു സ്വദേശിയായ ചാ സാ സൂൻ. അതും 960-ാമത്തെ ശ്രമത്തിൽ ഇതിനായി ചാ ചെലവഴിച്ചതാകട്ടെ 11 ലക്ഷത്തോളം രൂപയും. ദക്ഷിണ കൊറിയയിലെ തിരക്കേറിയ പച്ചക്കറി വ്യവസായി കൂടിയാണ് ചാ സാ സൂൻ. 2005 ഏപ്രിൽ മാസത്തിലായിരുന്നു ഇവർ ലൈസൻസിനായുള്ള ആദ്യം ശ്രമം നടത്തിയത്. ഇത് പരാജയപ്പെട്ടു. ഇതിൽ തളരാതെ ലൈസൻസിനായുള്ള പ്രയത്നം ചാ സാ സൂൻ തുടരുകയായിരുന്നു. ഒരു ഘട്ടത്തിൽ ആഴ്ചയിലെ അഞ്ച് ദിവസവും പരീക്ഷ എഴുതുന്ന നിലയിലേക്ക് വരെ കാര്യങ്ങൾ എത്തിയിരുന്നു. ലൈസൻസിനായുള്ള ശ്രമത്തിൽ ഏറ്റവുമധികം വെല്ലുവിളികളുള്ള രാജ്യങ്ങളിലൊന്നാണ് ദക്ഷിണ കൊറിയ. 40ൽ അധികം തിയറി ചോദ്യങ്ങൾക്ക് കൃത്യമായി മറുപടി നൽകിയാൽ മാത്രമാണ് എഴുത്ത് പരീക്ഷയെന്ന കടമ്പ ദക്ഷിണ കൊറിയയിൽ കടക്കാനാവുക. റോഡ് പരീക്ഷയേക്കാളും എഴുത്ത് പരീക്ഷയാണ് ദക്ഷിണ കൊറിയയിൽ ലൈസൻസിന് ചെല്ലുന്നവരെ വലയ്ക്കുന്നത്.

960-ാമത്തെ പരിശ്രമത്തിലാണ് എഴുത്ത് പരീക്ഷ ചാ സാ സൂൻ വിജയകരമായി പൂർത്തിയാക്കുന്നത്. എന്നാൽ 10-ാമത്തെ പരീക്ഷണത്തിൽ പ്രാക്ടിക്കൽ പരീക്ഷ പൂർത്തിയാക്കിയാണ് ചാ സാ സൂൻ ഏവരേയും അമ്പരപ്പിച്ചത്. ലൈസൻസ് നേടാനുള്ള ശ്രമങ്ങളിലായി ചാ സാ സൂൻ ചെലവിട്ടത് 11 ലക്ഷത്തോളം രൂപയാണ്. ആദ്യ കാലത്ത് ആഴ്ചയിലെ അഞ്ച് തവണ എഴുതിയിരുന്ന പരീക്ഷ പിന്നീട് ആഴ്ചയിൽ രണ്ട് തവണ എന്ന നിലയിലേക്ക് ചാ സാ സൂൻ ചുരുക്കിയിരുന്നു. പ്രാക്ടിക്കൽ പരീക്ഷ ഈ മിടുക്കി ഇത്ര വേഗത്തിൽ പൂർത്തിയാക്കുമെന്ന് വിചാരിച്ചിരുന്നില്ലെന്നാണ് ചാ സാ സൂനിന്റെ പരിശീലകൻ പ്രതികരിക്കുന്നത്.

## ടുണീഷ്യൻ തീരത്ത് അഭയാർഥികളുമായി എത്തിയ ബോട്ട് മുങ്ങി, 19 പേർ കൊല്ലപ്പെട്ടു

ടുണീഷ്യ: ടുണീഷ്യൻ മേഖലയായ മാഹ്ദിയ തീരത്തിന് സമീപത്ത് അഭയാർഥികളുമായി എത്തിയ ബോട്ട് മുങ്ങി 19 മരണം. ഇറ്റലിയിലേക്ക് എത്താനുള്ള ശ്രമത്തിനിടയിലാണ് ബോട്ട് അപകടത്തിൽപ്പെട്ടത്. എന്നാൽ മരണസംഖ്യ ഇനിയും ഉയരുമെന്നാണ് ടുണീഷ്യൻ കോസ്റ്റ് ഗാർഡ് വിശദമാക്കുന്നത്. ഞായറാഴ്ച ഉച്ച കഴിഞ്ഞ് അപകടത്തിൽപ്പെട്ട ബോട്ടിൽ നിന്ന് വീണ്ടും മൃതദേഹങ്ങൾ കണ്ടെത്തിയിരുന്നു. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നാണ് ഇറ്റലിയിലേക്കുള്ള അഭയാർത്ഥി പ്രവാഹം തുടരുന്നത്. കഴിഞ്ഞ നാല് ദിവസങ്ങളിലായി ഇറ്റലിയിലേക്ക് എത്താനുള്ള ശ്രമത്തിനിടയിൽ മുങ്ങിപ്പോയത് നാല് ബോട്ടുകളാണ്. ഇതിലുണ്ടായിരുന്ന യാത്രക്കാരിൽ 67 ഓളം പേരാണ് കൊല്ലപ്പെട്ടത്. ഇതിനോടകം 80 ൽ അധികം ബോട്ടുകളെയാണ് കോസ്റ്റ് ഗാർഡ് തടഞ്ഞ് തിരികെ അയച്ചത്. 3000ത്തോളം ആളുകളാണ് ഈ ബോട്ടുകളിലുണ്ടായിരുന്നതെന്നാണ് അന്തർദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

## ഏഷ്യാനെറ്റ് വ്യാജ വീഡിയോ കേസ്: സിന്ധുസൂര്യകുമാറിനെ പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്തു



തിരുവനന്തപുരം: ഏഷ്യാനെറ്റ് സംപ്രേഷണം ചെയ്ത നാർക്കോടിക് ഈസ് എ ഡേർട്ടി ബിസിനസ് എന്ന വാർത്താപരമ്പരയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ഉപയോഗിച്ച് വ്യാജ വീഡിയോ നിർമിച്ചുവെന്ന ആരോപണത്തിൽ പോക്സോ കേസിലുൾപ്പെട്ട ഏഷ്യാനെറ്റ് എക്സിക്യൂട്ടീവ് എഡിറ്റർ സിന്ധുസൂര്യകുമാറിനെ പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്തു. കോഴിക്കോട് നിന്നെത്തിയ സംഘം തമ്പാനൂർ പോലിസ് സ്റ്റേഷനിൽ വച്ചാണ് ചോദ്യം സിന്ധുസൂര്യകുമാറിനെ ചോദ്യം ചെയ്തത്. നേരത്തെ അന്വേഷക സംഘം നോട്ടീസ് നൽകിയിരുന്നെങ്കിലും ആരോഗ്യ പ്രശ്നങ്ങൾ കാണിച്ച് ഇവർ ഹാജാരായിരുന്നില്ല. ഇതിനെ തുടർന്നാണ് അന്വേഷണ സംഘം തിരുവനന്തപുരത്തെത്തിയത്. ഈ കേസിൽ കണ്ണൂർ റിപ്പോർട്ടർ നൗഫൽ ബിൻ യൂസഫിനെയും റസിഡന്റ് എഡിറ്റർ ഷാജഹാൻ കാളിയത്തിനെയും പെൺകുട്ടിയുടെ അമ്മയേയും കഴിഞ്ഞദിവസം പോലിസ് ചോദ്യംചെയ്തിരുന്നു.

# 'രാഹുൽ ഗാന്ധിക്ക് സ്വപ്നങ്ങളിൽ പോലും സവർക്കർ ആകാൻ കഴിയില്ല'; അനുരാഗ് ഠാക്കൂർ



ന്യൂഡൽഹി: മാപ്പു പറയാൻ താൻ സവർക്കറല്ല രാഹുൽ ഗാന്ധിയാണെന്ന രാഹുലിന്റെ പരാമർശത്തോട് രൂക്ഷമായി വിമർശിച്ച് കേന്ദ്ര മന്ത്രി അനുരാഗ് ഠാക്കൂർ. വീർ സവർക്കറിനെതിരേയുള്ള രാഹുൽ ഗാന്ധിയുടെ അസംബന്ധങ്ങളും നുണകളും തുറന്ന് കാട്ടേണ്ട സമയമാണ് ഇതെന്ന് അദ്ദേഹം പറഞ്ഞു. രാഹുൽ ഗാന്ധിക്ക് ഒരിക്കലും സവർക്കറാകാൻ കഴിയില്ലെന്നും അതിന് രാജ്യത്തോടുള്ള സ്നേഹം ആവശ്യമാണെന്നും അനുരാഗ് ഠാക്കൂർ കുറ്റപ്പെടുത്തി. 'പ്രിയ രാഹുൽ, നിങ്ങളുടെ സ്വപ്നങ്ങളിൽ പോലും സവർക്കർ ആകാൻ കഴിയില്ല. കാരണം സവർക്കറാകാൻ ശക്തമായ നിശ്ചയദാർഢ്യവും ഭാരതത്തോടുള്ള സ്നേഹവും നിസ്വാർത്ഥതയും പ്രതിബദ്ധതയും ആവശ്യമാണ്. രാഹുൽ ഗാന്ധിയെ പോലെ വർഷത്തിൽ ആറ് മാസം വിദേശത്ത് പോകുകയോ രാജ്യത്തിനെതിരേ വിദേശികളുടെ സഹായം തേടുകയേ സവർക്കർ ചെയ്തിട്ടില്ല', അനുരാഗ് ഠാക്കൂർ പറഞ്ഞു. സവർക്കർ ബ്രിട്ടനിലേക്ക് പോയപ്പോൾ ഭാരതമാതാവിനെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കാൻ ബ്രിട്ടീഷുകാർക്കെതിരേ അദ്ദേഹം യുദ്ധം ചെയ്തു. സവർക്കർ ഈ രാജ്യത്തെ ജനങ്ങളുടെ ആദരവ് വെറുതെ നേടിയതല്ല. അക്കാലത്തെ അറിയപ്പെടുന്ന നേതാക്കളും ചിന്തകരും സവർക്കറുടെ രാജ്യ സ്നേഹത്തിലും ധീരതയിലും അത്ഭുതം കൊണ്ടിരുന്നു. വീർ സവർക്കറിനെതിരയേുള്ള രാഹുൽ ഗാന്ധിയുടെ നിർത്താതെയുള്ള അസംബന്ധങ്ങളും നുണകളും തുറന്ന് കാട്ടേണ്ട സമയമാണ് ഇത്', അനുരാഗ് ഠാക്കൂർ കൂട്ടിച്ചേർത്തു.

അതേസമയം, കോൺഗ്രസ് കുടുംബാധിപത്യപാർട്ടിയാണെന്ന ബി.ജെ.പി വിമർശനത്തോട് പ്രതികരിക്കവെ, നെഹ്റു കുടുംബത്തെ ഹിന്ദു ദൈവം രാമനുമായി താരതമ്യം ചെയ്ത പ്രിയങ്കാ ഗാന്ധിയേയും അദ്ദേഹം വിമർശിച്ചു. നെഹ്റു കുടുംബത്തെ ഭഗവാൻ രാമനുമായി താരതമ്യം ചെയ്യുന്നതിലും നിർഭാഗ്യകരമായ മറ്റൊന്നില്ലെന്ന് അനുരാഗ് ഠാക്കൂർ പറഞ്ഞു. ഈ താരതമ്യം സഹോദരന്റേയും സഹോദരിയുടേയും ധിക്കാരത്തെ സൂചിപ്പിക്കുന്നുവെന്ന് പ്രിയങ്ക ഗാന്ധിയേയും രാഹുലിനേയും സൂചിപ്പിച്ച് അദ്ദേഹം പറഞ്ഞു. രാഹുൽ ഗാന്ധിയെ അയോഗ്യനാക്കിയതിനെതിരേയുള്ള കോൺഗ്രസ് സത്യഗ്രഹത്തിലായിരുന്നു പ്രിയങ്കാ ഗാന്ധിയുടെ പരാമർശം. വനവാസത്തിന് അയക്കപ്പെട്ടിട്ടും ഭഗവാൻ രാമൻ കുടുംബത്തിനും മണ്ണിനും വേണ്ടി ഉത്തരവാദിത്വം നിർവഹിച്ചു. അത് കുടുംബാധിപത്യപരമായിരുന്നോ, പാണ്ഡവർ കുടുംബങ്ങൾക്കു വേണ്ടിയല്ലേ പോരാടിയത്, കുടുംബാംഗങ്ങൾ രാജ്യത്തിനു വേണ്ടി രക്തസാക്ഷികളായതിൽ അഭിമാനിക്കുകയല്ലേ വേണ്ടത് എന്നായിരുന്നു പ്രിയങ്കയുടെ ചോദ്യം.

# പൈലറ്റുമാരുടെ അശ്രദ്ധ, ഒഴിവായത് വൻ ദുരന്തം; എയർ ഇന്ത്യക്കെതിരേ നടപടിയുമായി നേപ്പാൾ






കാഠ്മണ്ഡു: നേപ്പാളിലെ സിമാറ വിമാനത്താവളത്തിന്റെ വ്യോമ മേഖലയിൽ മാർച്ച് 24 ന് എയർ ഇന്ത്യ പൈലറ്റുമാരുടെ അശ്രദ്ധയെത്തുടർന്ന് വൻ ആകാശ ദുരന്തം ഒഴിവായതിനു പിന്നാലെ പൈലറ്റുമാർക്കെതിരേ നടപടിയുമായി നേപ്പാൾ. 19000 അടി ഉയരത്തിൽ പറക്കുകയായിരുന്ന എയർ ഇന്ത്യ വിമാനം പെട്ടെന്ന് 3700 അടിയിലേയ്ക്ക് താഴ്ത്തിപ്പറക്കുകയായിരുന്നു. നേപ്പാൾ എയർ ലൈനിനു വേണ്ടി എയർ ഇന്ത്യ വിമാനത്തോടു 19000 അടി ഉയരത്തിൽ തുടരണമെന്ന നിർദേശം നൽകിയിരിക്കെയായിരുന്നു ഇത്. തലനാരിഴയ്ക്കാണ് വൻ ആകാശ ദുരന്തത്തിൽ നിന്ന് നേപ്പാൾ രക്ഷപ്പെട്ടത്. എയർ ഇന്ത്യാ വിമാനം പൊടുന്നനെ താഴേയ്ക്ക് വന്നതിനു പിന്നാലെ നേപ്പാൾ എയർലൈനിന്റെ വിമാനത്തെ ഉയർത്തിയാണ് കൂട്ടിയിടി സാഹചര്യം ഒഴിവാക്കിയത്.

സംഭവത്തിനു പിന്നാലെ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതു വരെ ത്രിഭുവൻ ഇന്റർനാഷണൽ എയർപോർട്ടിലെ എയർ ട്രാഫിക് കൺട്രോൾ വിഭാഗത്തെ നീക്കിയിരുന്നു. ഇതിനു പിന്നാലെയാണ് എയർ ഇന്ത്യ പൈലറ്റുമാരെ നേപ്പാൾ സിവിൽ ഏവിയേഷൻ അതോറിറ്റി വിലക്കിയത്. വിലക്ക് സംബന്ധിയായ അറിയിപ്പ് ഡി.ജി.സി. എയ്ക്ക് നൽകിയതായി നേപ്പാൾ സിവിൽ ഏവിയേഷൻ അതോറിറ്റി വിശദമാക്കി. തലനാരിഴക്ക് ഒഴിവായ അപകട സാഹചര്യത്തെക്കുറിച്ച് ഇന്ത്യൻ കമ്മിഷനെയും വിവരം അറിയിച്ചിട്ടുണ്ട്.

കാഠ്മണ്ഡുവിൽ ലാൻഡ് ചെയ്തതിനു ശേഷം പൈലറ്റുമാർ അടക്കമുള്ള വിമാനത്തിലെ ജീവനക്കാരെ നേപ്പാൾ സിവിൽ ഏവിയേഷൻ അതോറിറ്റി ചോദ്യം ചെയ്തിരുന്നു. തനിക്കു വന്ന ഗുരുതര വീഴ്ചയാണിതെന്നും സംഭവത്തിൽ ക്ഷമാപണംനടത്തുന്നതായും എയർ ഇന്ത്യയുടെ പൈലറ്റ് ഇൻ കമാൻഡ് സിവിൽ ഏവിയേഷൻ അതോറിറ്റിയോട് പ്രതികരിച്ചതായാണ് എ.എൻ ഐ അടക്കമുള്ള വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്യുന്നത്. പൈലറ്റുമാരെയും ഡ്യൂട്ടിയിലുണ്ടായിരുന്ന മൂന്ന് എയർ ട്രാഫിക്ക് കൺട്രോളർമാരെയും ഇതിനോടകം ഡ്യൂട്ടിയിൽ നിന്നും നീക്കിയിട്ടുണ്ട്. അനിശ്ചിതകാലത്തേക്കാണ് എയർ ഇന്ത്യയുടെ പൈലറ്റുമാർക്കുള്ള നേപ്പാളിന്റെ വിലക്ക്. മാർച്ച് മൂന്നാം വാരം എയർ ഇന്ത്യ വിമാനത്തിലെ സേവനങ്ങളുടെ ഗുണമേന്മക്കുറവിനേ ചൊല്ലി യു.എൻ നയതന്ത്രജ്ഞൻ നടത്തിയ പ്രതികരണം വൻ വിവാദമായിരുന്നു.

വിമാനത്തിലെ പാറ്റകളെ കുറിച്ചും തകർന്ന സീറ്റിനേക്കുറിച്ചും ചിത്ര സഹിതമായിരുന്നു പ്രതികരണം. ഇതിന് പിന്നാലെ സമാനമായ യാത്രാനുഭവം പങ്കുവച്ച് നിരവധി ആളുകളാണ് സമൂഹമാധ്യമങ്ങളിൽ പ്രതികരിച്ചത്.

# ജനങ്ങളുടെ മനസിൽ രാഹുൽഗാന്ധിക്കുള്ള സിംഹാസനം തകർക്കാനാവില്ല: എം.കെ രാഘവൻ എം.പി



രാഹുൽഗാന്ധിക്കെതിരായ കടന്നാക്രമണത്തിനെതിരേ ജില്ലാ കോൺഗ്രസ് കമ്മിറ്റി കിഡ്സൺ കോർണറിൽ നടത്തിയ സത്യഗ്രഹ സമരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന എം.കെ രാഘവൻ എം.പി

കോഴിക്കോട്: ജനങ്ങളുടെ മനസിൽ രാഹുൽഗാന്ധിക്കുള്ള സിംഹാസനം തകർക്കാൻ മോദിക്കും ബി.ജെ.പിക്കും കഴിയില്ലെന്ന് എം.കെ രാഘവൻ എം.പി പറഞ്ഞു. രാഹുൽഗാന്ധിക്കെതിരായ കടന്നാക്രമണത്തിനെതിരേ ജില്ലാ കോൺഗ്രസ് കമ്മിറ്റി കിഡ്സൺ കോർണറിൽ നടത്തിയ സത്യഗ്രഹ സമരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. രാഹുൽഗാന്ധി ലണ്ടനിൽ രാജ്യവിരുദ്ധ പ്രസംഗം നടത്തിയെന്നാണ് പ്രചരിപ്പിക്കുന്നത്. ഇത് സംബന്ധിച്ച് വിശദീകരിക്കാൻ രാഹുൽഗാന്ധിക്ക് പാർലമെന്റിൽ അവസരം നിഷേധിക്കുകയാണുണ്ടായത്. പാർലമെന്റിൽ ഭരണകക്ഷി സഭാനടപടികൾ തടസ്സപെടുത്തുന്നത് ചരിത്രത്തിലാദ്യമാണ്. രാഹുൽ മാപ്പ് പറയണമെന്നാവശ്യപ്പെട്ടാണ് ഭരണകക്ഷി സഭാനടപടികൾ തടസ്സപ്പെടുത്തുന്നത്. അദ്ദേഹത്തിന് പറയാനുള്ളത് കേൾക്കാൻ സപീക്കർ തയ്യാറായില്ല. കോൺഗ്രസ് പാർലമെന്ററി പാർട്ടി ഭാരവാഹികൾ മൂന്ന് തവണ സ്പീക്കറെ കണ്ട് രാഹുൽഗാന്ധിക്ക് തന്റെ ഭാഗം വിശദീകരിക്കുവാൻ അവസരം നൽകണമെന്നാവശ്യപ്പെട്ടിരുന്നു. രാഹുൽഗാന്ധി തനിക്ക് പറയാൻ അവസരം നൽകണമെന്ന് സ്പീക്കറോട് നേരിട്ടാവശ്യപ്പെട്ടു. സ്പീക്കർ ഏകപക്ഷീയമായി പെരുമാറുകയാണുണ്ടായത്.

മോദി-അമിത് ഷാ, ബി.ജെ.പി നേതൃത്വം എന്ത് പറയുന്നു അത് നടപ്പിലാക്കപ്പെടുന്ന അവസ്ഥയാണ് രാജ്യത്തുള്ളത്. ലോക്സഭയിൽ പ്രതിപക്ഷത്തിന് സംസാരിക്കാൻ അവസരം നൽകുന്നില്ല. കോൺഗ്രസ് നേതാവ് അധീർ രഞ്ജൻ ചൗധരി സംസാരിക്കാനെഴുന്നേറ്റാൽ മൈക്ക് ഓഫാക്കുകയാണ്. യു.പി.എ സർക്കാർ അധികാരത്തിലിരുന്നപ്പോൾ സ്പീക്കറായിരുന്ന മീരാകുമാർ പ്രതിപക്ഷത്തിന് സംസാരിക്കാൻ പരിഗണന നൽകിയിരുന്നു. ഖുഷ്ബു കോൺഗ്രസിലായിരുന്നപ്പോൾ ടീറ്റ് ചെയ്തത് 'മേദി എന്ന് പേരുള്ളവർ കള്ളന്മാരാണെന്നാണ്'. എന്നാൽ ഖുഷ്ബു ബി.ജെ.പിയിലെത്തിയപ്പോൾ അവർക്ക് ദേശീയ വനിതാകമ്മീഷൻ അംഗത്വം നൽകുകയാണ് മോദി ചെയ്തത്. നെഹ്റുവിന്റെ പേരില്ലാതാക്കാനാണ് മോദി ഭരണകൂടം ശ്രമിക്കുന്നത്. നെഹ്റുവിന്റെ സംഭാവനകൾ പിഴുതെറിയാൻ ഇത്തരം നടപടികളിലൂടെ സാധിക്കില്ല. ലക്ഷദ്വീപ് എം.പിയുടെ കേസിൽ കേരള ഹൈക്കോടതി ഉത്തരവ് ലോക്സഭാ സ്പീക്കർ അവഗണിക്കുന്നത് നിയമവാഴ്ചയോടുള്ള വെല്ലുവിളിയാണ്. ജനാധിപത്യം സംരക്ഷിക്കാൻ അഹിംസാ മാർഗത്തിലൂടെ പ്രക്ഷോഭവും നിയമപരമായ പോരാട്ടവും തുടരും. ബ്രിട്ടീഷുകാർക്ക് മുമ്പിൽ തല കുനിക്കാത്ത പാരമ്പര്യം കൈമുതലായുള്ള കോൺഗ്രസിന് മോദിയുടെ വെല്ലുവിളികൾ നേരിടാൻ കരുത്തുണ്ടെന്നും എഅദ്ദേഹം കൂട്ടിച്ചേർത്തു. ഡി.സി.സി പ്രസിഡന്റ് അഡ്വ. കെ.പ്രവീൺകുമാർ അധ്യക്ഷത വഹിച്ചു. ടി.സിദ്ദീഖ് എം.എൽ.എ, പി.എം നിയാസ്, കെ.സി അബു, കെ.രാമചന്ദ്രൻ മാസ്റ്റർ, മഠത്തിൽ നാണു, ദിനേശ് പെരുമണ്ണ, കെ.എം ഉമ്മർ, ആദംമുൻസി, എം.ഹരിപ്രിയ, മഠത്തിൽ ശ്രീധരൻ, പി.മൊയ്തീൻ മാസ്റ്റർ, ഐ.പി രാജേഷ്, കെ.സി ശോഭിത, പി.എം അബ്ദുറഹിമാൻ പ്രസംഗിച്ചു.

# നായ വളർത്തൽ: നഗരസഭാ നിയമാവലി കൃത്യമായി പാലിക്കണമെന്ന് മനുഷ്യാവകാശ കമ്മിഷൻ



തിരുവനന്തപുരം: നായയെ വളർത്തുന്നവരും പരിപാലിക്കുന്നവരും നഗരസഭ തയ്യാറാക്കുന്ന വ്യവസ്ഥകൾ കൃത്യമായി പാലിക്കണമെന്ന് മനുഷ്യാവകാശ കമ്മിഷൻ ഉത്തരവിട്ടു. വീടുകളിൽ നായ്ക്കളെ വളർത്തുന്നവരും തെരുവ് നായ്ക്കളെ പരിപാലിക്കുന്നവരും പരിസരവാസികൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കരുതെന്ന ' വ്യവസ്ഥ നഗരസഭ തയ്യാറാക്കുന്ന ലൈസൻസ് നിയമാവലിയിൽ ഉൾപ്പെടുത്തണമെന്ന് മനുഷ്യാവകാശ കമ്മീഷൻ നിർദേശിച്ചു.നഗരസഭ തയ്യാറാക്കിയ നിയമത്തിലേയും സർക്കുലറിലേയും വ്യവസ്ഥകൾ നായ്ക്കളെ വളർത്തുന്നവർ കൃത്യമായി പാലിക്കണമെന്നും കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ആന്റണി ഡൊമിനിക് ആവശ്യപ്പെട്ടു.

നായ്ക്കൾക്ക് വാക്സിനേഷൻ, വന്ധ്യംകരണം തുടങ്ങിയ കാര്യങ്ങൾ ഉടമസ്ഥർ ഉറപ്പാക്കണം. നഗരസഭ തയ്യാറാക്കുന്ന നിയമാവലി എത്രയും വേഗം പ്രാബല്യത്തിൽ കൊണ്ടുവരണമെന്നും കമ്മീഷൻ നഗരസഭാ സെക്രട്ടറിക്ക് നിർദേശം നൽകി.

പി.ടി.പി നഗറിൽ പ്രവർത്തിക്കുന്ന നായ വളർത്തൽ കേന്ദ്രത്തിനെതിരെ പി.ടി.പി നഗർ സ്വദേശി പ്രിയൻ സി. ഉമ്മൻ സമർപ്പിച്ച പരാതിയിലാണ് മനുഷ്യാവകാശ കമ്മിഷന്റെ ഉത്തരവ്. മേരി മാമ്മൻ പി.ടി.പി നഗറിൽ നടത്തുന്ന പട്ടിവളർത്തൽ കേന്ദ്രം കാരണം പരിസരവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നില്ലെന്ന് നഗരസഭാസെക്രട്ടറി കമ്മിഷനെ അറിയിച്ചു.നഗരസഭ തയ്യാറാക്കുന്ന പുതിയ നിയമാവലിയിൽ ഭൗതിക സാഹചര്യമുണ്ടെങ്കിൽ വാണിജ്യ ആവശ്യത്തിനല്ലാതെ ഒരാൾക്ക് അഞ്ച് നായ്ക്കളെ വളർത്താമെന്ന് പറയുന്നു.

തെരുവു നായ്ക്കളെ വീടുകളിൽ വളർത്തുന്നവർക്ക് ഹോം ബേഡ്സ് ഷെൽട്ടർ എന്ന രീതിയിൽ ലൈസൻസ് നൽകും. വീടിനടുത്തുള്ള തെരുവുനായ്ക്കൾക്ക് ഭക്ഷണം കൊടുക്കാമെന്ന സർക്കുലർ നിലവിലുണ്ട്. പി.ടി.പി നഗറിലെ തെരുവുനായ്ക്കളെ പിടികൂടി വാക്സിനേഷനും വന്ധ്യംകരണവും നടത്തുമെന്നും സെക്രട്ടറി അറിയിച്ചു.

എന്നാൽ ഇതൊന്നും പരിസരവാസികൾക്കും അയൽക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കരുതെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. മേരി മാമ്മന്റെ നായവളത്തൽ കേന്ദ്രം നഗരസഭാ ഉദ്യോഗസ്ഥർ ഒരിക്കൽ കൂടി സന്ദർശിക്കണമെന്നും ഉത്തരവിൽ പറയുന്നു.



മനത്താനത്ത് എ.എൽ.പി സ്കൂളിൽ സ്റ്റാഫ് ലൈബ്രറി ഉദ്ഘാടനം നിർവഹിച്ച ശേഷം കുട്ടിൾക്കും അധ്യാകർക്കുമൊപ്പം പുസ്തകവുമായി ദർശനം ഗ്രന്ഥശാല സെക്രട്ടറി എം.എ ജോൺസൺ

# മനത്താനത്ത് എ.എൽ.പി സ്കൂളിൽ സ്റ്റാഫ് ലൈബ്രറി ആരംഭിച്ചു

കോഴിക്കോട്: മനത്താനത്ത് എ.എൽ.പി സ്കൂളിൽ സ്റ്റാഫ് ലൈബ്രറി ആരംഭിച്ചു. ഡോ.കെ.എൻ 'ഗണേഷിന്റെ ചരിത്രം ഉണ്ടാകുന്നത്' , അഡ്വ. കെ.പി ബഷീറിന്റെ 'നീതി പീഠങ്ങളുടെ ഇടനാഴികളിലൂടെ', മസനോബു ഫുക്കുവോക്കയുടെ 'ഒറ്റ വൈക്കോൽ വിപ്ലവം', ശ്രീപ്രസാദ് വടക്കേപ്പാട്ടിന്റെ 'നെപ്പോളിയന്റെ നാട്ടിൽ', 'ഓലപ്പുരയിലെ ഋതുഭേദങ്ങൾ', വി.ഇ.ശ്രീധരന്റെ 'ലയമോളുടെ ബാങ്ക്', ആർ.മഞ്ജിലാലിന്റെ 'വാട്ട് ഹാപ്പൻഡ്സ്' എന്നീ പുസ്തകങ്ങൾ സ്കൂൾ ലീഡർ കൊടമോളി ആഗ്നേയ്ക്ക് കൈമാറി ദർശനം ഗ്രന്ഥശാല സെക്രട്ടറി എം.എ ജോൺസൺ ലൈബ്രറിയുടെ ഉദ്ഘാടനം നിർവഹിച്ചു. പി.ടി.എ പ്രസിഡന്റ് രമേശ് അമ്പലക്കോത്ത് അധ്യക്ഷത വഹിച്ചു. എസ്.എസ്.ജി അംഗം കെ.പി അബ്ദുൾ റസാക്ക്, പി.കെ.ദയാനന്ദൻ എന്നിവർ ആശംസകൾ നേർന്നു. പ്രധാനാധ്യാപകൻ എൻ. വിശ്വനാഥൻ സ്വാഗതവും ആർ.ബി ഷിലീന ടീച്ചർ നന്ദിയും പറഞ്ഞു.

# കേരള ലാറ്റിൻ കാത്തലിക്ക് അസോസിയേഷന്റെ സുവർണ്ണ ജൂബിലി സമ്മേളനത്തിന് സമാപനം

കൊച്ചി: ലത്തീൻ സമുദായത്തിന്റെ അവകാശപ്രഖ്യാപന വേദിയായി കേരള ലാറ്റിൻ കാത്തലിക്ക് അസോസിയേഷന്റെ സുവർണ്ണ ജൂബിലി സമ്മേളനം മാറി. ആയിരക്കണക്കിന് സമുദായാംഗങ്ങൾ പങ്കെടുത്ത റാലികൾ സമ്മേളന വേദിയായ ഷെവലിയാർ കെ.ജെ ബെർളി നഗറിൽ സംഗമിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനം കെ.ആർ.എൽ.സി.സി പ്രസിഡന്റ് ബിഷപ്പ് വർഗ്ഗീസ് ചക്കാലക്കൽ ഉദ്ഘാടനം ചെയ്തു. ഭരണഘടനാ പരമായ വിദ്യാഭ്യാസ, ഉദ്യോഗ സംവരണങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എടുക്കുന്ന സാമൂഹിക നീതിക്കെതിരായ പ്രതികൂല നയങ്ങൾ തിരുത്തണമെന്നും സാമ്പത്തിക സംവരണത്തിലൂടെ പിന്നോക്ക മുന്നാക്ക വിഭാഗങ്ങളുടെ അധികാരപങ്കാളത്തത്തിലെ അന്തരം വർധിപ്പിക്കുന്ന നയത്തിലെ അപാകതകൾ പരിഹരിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

തീര നിയന്ത്രണ വിജ്ഞാപനം മൂലം തടസ്സപ്പെട്ടിരിക്കുന്ന തദ്ദേശവാസികളുടേയും മത്സ്യത്തൊഴിലാകളുടെയും ഭവനനിർമാണമുൾപ്പെടെയുള്ള പ്രാദേശിക വികസനപദ്ധതികൾ മുന്നോട്ടുപോകുന്നതിന് സർക്കാരുകൾ അടിയന്തര നടപടികൾ സ്വീകരിക്കണം. തീരവാസികളെ ബാധിക്കുന്ന വികസന പദ്ധതികൾക്ക് രൂപം നൽകുമ്പോൾ മാന്യമായ പുനരധിവാസ പാക്കേജുകൾ ഉറപ്പാക്കുകയും പദ്ധതി രൂപീകരണത്തിൽ തീരവാസികളുടെ പങ്കാളിത്തം ഉണ്ടാകുകയും വേണം. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഗുരുതരമായ തീരശോഷണവും കടലാക്രമണവും നേരിടുന്ന പ്രദേശങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കണം. ചെല്ലാനം മാതൃകയിലുള്ള ടെട്രാപോഡ് കടൽഭിത്തിയുടെ സാധ്യതകൾ പരിശോധിക്കണം. ചെല്ലാനത്തെ കടൽഭിത്തിയുടെ രണ്ടാംഘട്ടം നിമമ്മാണം പൂർത്തിയാക്കുന്നതിന് സർക്കാർ പണം അനുവദിക്കുകയും മഴക്കാത്തിനു മുമ്പ് നിർമാണപ്രവർത്തനങ്ങൾ പൂത്തിയാക്കുകയും വേണം.

വിഴിഞ്ഞം വിഷയത്തിൽ ലത്തീൻ സമുദായത്തെ ഒറ്റപ്പെടുത്തിയ സർക്കാർ നടപടികളിൽ സമ്മേളനം ശക്തമായി പ്രതിഷേധം അറിയിക്കുകയും, നീതിരഹിതമായി സഭാമേലധ്യക്ഷൻമാർക്കും സമുദായാംഗങ്ങൾക്കുമെതിരേ ചുമത്തിയിട്ടുള്ള ക്രിമിനൽ കേസുകൾ പിൻവലിക്കണം. ലത്തീൻ സമുദായാംഗങ്ങൾക്ക് സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഉണ്ടാകുന്ന തടസങ്ങൾ ഒഴിവാക്കാൻ റവന്യൂ അധികാരികൾക്ക് കർശനമായ നിർദ്ദേശം നൽകണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.കൊച്ചി രൂപത ബിഷപ്പ് ഡോ. ജോസഫ് കരിയിൽ മുഖ്യപ്രഭാഷണം നടത്തി. കെ.എൽ.സി.എ സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി ജെ.തോമസ് അധ്യക്ഷത വഹിച്ചു. ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് കെ.സുരേന്ദ്രൻ എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു. ഹൈബി ഈഡൻ എം.പി, ബിഷപ്പുമാരായ റൈറ്റ് റവ. ജോസഫ് കാരിക്കശ്ശേരി (കോട്ടപ്പുറം), റൈറ്റ് റവ. ജെയിംസ് ആനാപറമ്പിൽ (ആലപ്പുഴ), മോൺ മാത്യു കല്ലിങ്കൽ (വരാപ്പുഴ അതിരൂപത വികാർ ജനറൽ), മോൺ ഷൈജു പര്യാത്തുശ്ശേരി (കൊച്ചി രൂപത വികാർ ജനറൽ), കെ.ആർ.എൽ.സി.സി വൈസ് പ്രസിഡന്റ് ജോസഫ് ജൂഡ്, കെ.ആർ.എൽ.സി.സി ജനറൽ സെക്രട്ടറി തോമസ് തറയിൽ, കെ.എൽ.സി.എ ജനറൽ സെക്രട്ടറി ബിജു ജോസി, മുൻ സംസ്ഥാന പ്രസിഡന്റും ജൂബിലി ചെയർമാനുമായ ആന്റണി നൊറോണ, ജനറൽ കൺവീനർ ടി.എ ഡാൽഫിൻ, പ്രൊ.കെ. വി. തോമസ്, കെ.ജെ മാക്സി, എം.എൽ.എമാരായ എം. വിൻസന്റ്, ടി.ജെ. വിനോദ് , ഇ.ടി. ടൈസൻ മാസ്റ്റർ, ദലീമ ജോജൊ, ഡൊമിനിക് പ്രസന്റേഷൻ, മുൻ മന്ത്രിസാബു ജോർജ്ജ്, കിൻഫ്ര എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ചെയർമാൻ രതീഷ് ആന്റണി, ബെന്നി പാപ്പച്ചൻ, ബാബു തണ്ണിക്കോട്, ഷൈജു റോബിൻ , ലാറ്റിൻ പ്രസിഡന്റ് ഷേർളി സ്റ്റാൻലി, കെ.എൽ.സി.ഡബ്ല്യു.എ സംസ്ഥാന പ്രസിഡന്റ് മോളി മൈക്കിൾ, വി.ഐ.ഡി.ഇ.എസ് പ്രസിഡന്റ് ആലീസ് ലൂക്കോസ് എന്നിവർ പ്രസംഗിച്ചു. മുൻ സംസ്ഥാന പ്രസിഡന്റുമാരായ ഷാജി ജോർജ്, അഡ്വ. റാഫേൽ ആന്റണി, സി.ജെ. റോബിൻ, ആന്റണി നൊറോണ, അഡ്വ.ജൂഡി ഡിസിൽവ, മുൻ സംസ്ഥാന ജനറൽ സെക്രട്ടറിമാരായ ആന്റണി എം.അമ്പാട്ട്, നെൽസൺ കോച്ചേരി, ജെ സഹായദാസ്, ഇ.ഡി ഫ്രാൻസീസ് എന്നിവർക്ക് ആദരവ് നൽകി. സംഘാടക സമിതി ഭാരവാഹികളായ ഫാ. ആന്റണി കുഴിവേലി (ആദ്ധ്യാ. ഉപദേഷ്ടാവ്, കൊച്ചി രൂപത), പൈലി ആലുങ്കൽ (പ്രസിഡന്റ് കൊച്ചി രൂപത), ജോർജ്ജ് ബാബു (കൊച്ചി ജന. സെക്രട്ടറി), ജോബ് പുളിക്കൽ (കൊച്ചി ട്രഷറർ), സംസ്ഥാന വൈസ് പ്രസിഡന്റുമാരായ വിൻസി ബൈജു, ബേബി ഭാഗ്യോദയം, അഡ്വ. ജസ്റ്റിൻ കരിപ്പാട്ട്, നൈജു അറക്കൽ, സാബു കാനക്കാപ്പള്ളി, ജോസഫ്കുട്ടി കടവിൽ, അനിൽ ജോസ്, സെക്രട്ടറിമാരായ അഡ്വ.മഞ്ജു ആർ.എൽ, ജോൺ ബാബു, ദേവസ്യ ആന്റണി, ഷൈജ ആന്റണി, ഹെന്റി വിൻസന്റ്, സാബു വി.തോമസ്, രൂപതാ പ്രസിഡന്റുമാരായ ആൽഫ്രഡ് വിൽസൻ (നെയ്യാറ്റിൻകര), പാട്രിക് മൈക്കിൾ (തിരുവനന്തപുരം), ലെസ്റ്റർ കാർഡോസ് (കൊല്ലം), ക്രിസ്റ്റഫർ പത്തനാപുരം (പുനലൂർ), എബി കുന്നേപ്പറമ്പിൽ (വിജയപുരം), ജോൺ ബ്രിട്ടോ (ആലപ്പുഴ), സി.ജെ പോൾ (വരാപ്പുഴ), അനിൽ കുന്നത്തൂർ (കോട്ടപ്പുറം), ബിനു എഡ്വേർഡ് (കോഴിക്കോട്), ഗോഡ്സൻ ഡിക്രൂസ് (കണ്ണൂർ) എന്നിവർ പ്രസംഗിച്ചു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.